# ശരീഅത്തും മദ്ഹബുകളും

പി. അബ്ദുല്ലക്കുട്ടി

അല്ലാഹു തന്റെ പ്രവാചകന്മാർ മുഖേന മനുഷ്യലോകത്തിന് നൽകിയ നിയമസംഹിതയുടെ പേരാണ് ശരീഅത്ത്. മനുഷ്യർ വിശ്വസിക്കേണ്ടതും ആചരിക്കേണ്ടതും അനുഷ്ഠിക്കേണ്ടതുമായ കാര്യങ്ങളുടെ മുഴുവൻ നിയമങ്ങളാണ് ശരീഅത്തുകൊണ്ടുള്ള വിവക്ഷ. ഈ അർഥത്തിൽ ശരീഅത്ത് 'ദീനി'ന്റെ പര്യായമാണ്. ആരാധനാക്രമം, സാന്മാർഗിക സിദ്ധാന്തങ്ങൾ, പരസ്പര ബന്ധങ്ങളുടെയും ഇടപാടുകളുടെയും നിയമങ്ങൾ, നിയമവിരുദ്ധവും നിയമവിധേയവും അനുവദനീയവും അല്ലാത്തതുമായ സംഗതികളുടെ പരിധികൾ എന്നിവ മാത്രം ഉദ്ദേശിച്ചും ശരീഅത്തെന്ന് പ്രയോഗിക്കാറുണ്ട്. ഇപ്പറഞ്ഞ രണ്ട് വിവക്ഷയിലും ശരീഅഃ എന്ന പദത്തിന്റെ 'വേരുകൾ' വിശുദ്ധ ഖുർആനിൽ പ്രയോഗിച്ചിരിക്കുന്നു.

പ്രവാചകന്മാരുടെ ആഗമനാരംഭം മുതൽ ഓരോ കാലഘട്ടത്തിനുമനുയോജ്യമായ ശരീഅത്ത് അല്ലാഹു നൽകിക്കൊണ്ടിരുന്നു. അങ്ങനെ മാനവത വളർച്ച പ്രാപിക്കുകയും ഒരേയൊരു സാമൂഹിക നിയമസംഹിതക്ക് കീഴിൽ മുഴുവൻ മനുഷ്യലോകത്തിന്റെ ജീവിത വ്യവഹാരങ്ങൾ ക്രമീകരിക്കാൻ പാകപ്പെടുകയും ചെയ്തപ്പോൾ അവൻ അന്ത്യ പ്രവാചകൻ മുഹമ്മദ് നബി(സ) മുഖേന സമ്പൂർണവും സാർവലൗകികവും ശാശ്വതവുമായ ശരീഅത്ത് നൽകി. അതാണ് ഇസ്‌ലാമിക ശരീഅത്ത്.

ദൈവദത്തമായ ഈ ശരീഅത്തിൽ കൈകടത്താൻ മനുഷ്യർക്കവകാശമില്ല. കാരണം, പുതിയ വല്ലതും കൂട്ടിച്ചേർക്കുകയോ ഏതെങ്കിലും ഭാഗം വെട്ടിച്ചുരുക്കുകയോ ചെയ്യേണ്ട ഒരു പഴുതും അതിൽ അവശേഷിക്കുന്നില്ല. കാലോചിതവും പൊതു താൽപര്യാനുസൃതവുമായി അത് പ്രയോഗവത്കരിക്കുക മാത്രമാണ് മുഴുവൻ ജനസമൂഹങ്ങളുടെയും കർത്തവ്യം. ഇവ്വിധം ശരീഅത്തിനെ പ്രാവർത്തികമാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന ചില ആനുകാലിക പ്രശ്നങ്ങളുണ്ടായിരിക്കാം. അവ ശരീഅത്ത്‌വത്കരിക്കുന്നതെങ്ങനെയെന്ന് ചിന്തിക്കാനും അവക്ക് ശരീഅത്തിന്റെ മൂലസ്രോതസ്സുകളിൽ ഒതുങ്ങിനിന്ന് പരിഹാരം കണ്ടെത്താനും തൽസംബന്ധമായ വിജ്ഞാനീയങ്ങളിൽ അവഗാഹം നേടിയ പണ്ഡിതന്മാർക്ക് അർഹതയും അനുവാദവുമുണ്ട് എന്നു മാത്രമല്ല, അതവരുടെ ചുമതല കൂടിയാണ്.

ശരീഅത്തിന്റെ നിർവചനവും വിവക്ഷയുമനുസരിച്ച് അതിനെ മൂന്ന് ശാഖയായി വിഭജിച്ചിരിക്കുന്നു. ഇൽമുത്തൗഹീദ് (ഏകദൈവസിദ്ധാന്തശാസ്ത്രം), ഇൽമുൽ അഖ്‌ലാഖ് (സാന്മാർഗിക ശാസ്ത്രം), ഇൽമുൽ ഫിഖ്ഹ് (നിയമശാസ്ത്രം).

വിശ്വാസപരമായ കാര്യങ്ങൾ വിശകലനം ചെയ്യുന്ന വിജ്ഞാനശാഖയാണ് ഏകദൈവസിദ്ധാന്തശാസ്ത്രം. ഇതിന് ഇൽമുൽ കലാം എന്നും പേരുണ്ട്. ദൈവത്തിലും അവന്റെ ഗുണഗണങ്ങളിലും മലക്കുകൾ, ദൈവഗ്രന്ഥങ്ങൾ, പ്രവാചകന്മാർ, പരലോകജീവിതം തുടങ്ങിയ കാര്യങ്ങളിലും വിശ്വസിക്കുക; അല്ലാഹുവിന്റെ കൂടെ യാതൊരു ശക്തിയെയോ വ്യക്തിയെയോ പങ്ക് ചേർക്കാതിരിക്കുക എന്നീ ആദർശപരമായ കാര്യങ്ങളാണ് ഏകദൈവസിദ്ധാന്തശാസ്ത്രം കൈകാര്യം ചെയ്യുന്നത്. രണ്ടാമത്തെ ശാഖയായ സാന്മാർഗിക ശാസ്ത്രം, മനുഷ്യർ വിഭൂഷിതരായിരിക്കേണ്ട സദ്ഗുണങ്ങളും അവർ വർജിച്ചിരിക്കേണ്ട ദുർഗുണങ്ങളും അവയുടെ ധാർമികവശങ്ങളും നിർദേശങ്ങളുമാണ് പ്രതിപാദിക്കുന്നത്. 'ഇൽമുൽ ഫിഖ്ഹ്' അഥവാ നിയമശാസ്ത്രമെന്ന ശാഖയുടെ വിഷയം ദീനിന്റെ അനുഷ്ഠാന മുറകളെ ബാധിക്കുന്ന നിയമങ്ങളാണ്. പൊതുവെ നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, ജിഹാദ് എന്നീ ആരാധനാ കർമങ്ങളും മനുഷ്യരുടെ ക്രയവിക്രയങ്ങൾ, വിവാഹം, വിവാഹമോചനം, അനന്തരാവകാശം, വസ്വിയ്യത്ത്, ഭാര്യാഭർതൃ ബന്ധം, അവരുടെ പരസ്പര ബാധ്യതകൾ, രക്ഷിതാക്കൾക്ക് സന്താനങ്ങളോടുള്ള ചുമതലകൾ, സന്താനങ്ങൾക്ക് രക്ഷിതാക്കളോടുള്ള കടപ്പാടുകൾ, സിവിൽ ക്രിമിനൽ നിയമങ്ങൾ ആദിയായ വിശാലമായ സാമൂഹിക നിയമങ്ങളാണ് ഫിഖ്ഹിന്റെ പ്രതിപാദ്യം. ഫിഖ്ഹ് എന്ന സംജ്ഞക്ക് പൊതുവെ അംഗീകരിച്ചിട്ടുള്ള നിർവചനത്തിൽ ഇപ്പറഞ്ഞതെല്ലാം ഉൾപ്പെടും. 'വിശദമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ശരീഅത്തിന്റെ അനുഷ്ഠാനപരമായ കാര്യങ്ങളുടെ നിയമങ്ങൾ മനസ്സിലാക്കുക' എന്നാണത്. ഇതനുസരിച്ച് ഫിഖ്ഹിനെ കർമശാസ്ത്രമെന്നോ അനുഷ്ഠാന ശാസ്ത്രമെന്നോ വ്യവഹരിക്കാൻ വയ്യ. അതൊരു നിയമവ്യാഖ്യാനമാണെന്ന് പറയുകയാവും ശരി.

## ഫിഖ്ഹും ശരീഅത്തും

ഫിഖ്ഹും ശരീഅത്തും ഒന്നുതന്നെയാണെന്ന് പലപ്പോഴും പറയാറുണ്ട്. വാസ്തവത്തിൽ ശരീഅത്തിന്റെ ഒരു ഭാഗം മാത്രമേ ഫിഖ്ഹ് പ്രതിനിധാനം ചെയ്യുന്നുള്ളൂ. ശരീഅത്ത് അനുശാസി

ക്കുന്ന അനുഷ്ഠാനകർമങ്ങളുടെ നിയമവശങ്ങൾ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതാണത്. നിർബന്ധം, നിഷിദ്ധം, ഐച്ഛികം, ആശാസ്യം, അനാശാസ്യം, അനുവദനീയം, അനനുവദനീയം തുടങ്ങിയ കർമ ഭേദങ്ങളും അവയുടെ രൂപം, ഘടന, ക്രമം, സ്വഭാവം, ഉപാധികൾ, സുബദ്ധാബദ്ധങ്ങൾ മുതലായ ലക്ഷണങ്ങളുമാണ് ഫിഖ്ഹ് പ്രതിപാദിക്കുന്ന വിഷയങ്ങൾ. അതിനാൽ ഫിഖ്ഹിന്റെ യഥാർഥ ധർമം നിയമങ്ങളെ ഇവ്വിധം വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്യുക എന്നതാണ്. ഇവിടെയാണ് മദ്ഹബുകളുടെ ഉത്ഭവം.

## ഫിഖ്ഹും മദ്ഹബുകളും

മദ്ഹബുകളുടെ ഉത്ഭവത്തെയും വളർച്ചയെയും പ്രതിഫലനങ്ങളെയും കുറിച്ച് ഒരു വ്യക്തമായ കാഴ്ചപ്പാട് ലഭിക്കണമെങ്കിൽ ആദ്യമായി ഫിഖ്ഹിന്റെ പ്രാരംഭ ദശകളിലേക്കൊരെത്തിനോട്ടമെങ്കിലും ആവശ്യമാണ്. കാരണം, ഫിഖ്ഹുമായി അഭേദ്യ ബന്ധമുണ്ട് മദ്ഹബുകൾക്ക്.

റസൂൽ(സ) തിരുമേനിയുടെ പ്രവാചകജീവിതം ഇരുപത്തി മൂന്ന് കൊല്ലക്കാലമായിരുന്നു; ആദ്യത്തെ പതിമൂന്നു വർഷം മക്കയിലും പിന്നീടുള്ള പത്തു വർഷം മദീനയിലും. തിരുമേനിയുടെ മക്കാ ജീവിതകാലത്ത് മുസ്‌ലിംകൾ അംഗുലീപരിമിതരും ദുർബലരുമായിരുന്നു. വ്യക്തവും വ്യവസ്ഥാപിതവുമായ സാമൂഹിക നിയമങ്ങളോ ഭരണകൂടമോ വഴി നിയന്ത്രിക്കേണ്ട ഒരു സമൂഹമായി അവരന്ന് വളർന്നു കഴിഞ്ഞിരുന്നില്ല. അതിനാൽ ഈ കാലഘട്ടത്തിൽ അനുഷ്ഠാനപരമോ നാഗരികമോ ആയ വല്ല നിയമനിർമാണത്തിന്റെയും ആവശ്യം നേരിട്ടിരുന്നില്ല. നബി(സ)യെ സംബന്ധിച്ചേടത്തോളം പ്രബോധന പ്രവർത്തനങ്ങളിൽ തന്റെ മുഴു ശ്രദ്ധയും കേന്ദ്രീകരിക്കേണ്ടതുമുണ്ടായിരുന്നു. അതുകൊണ്ടാണ് അവിടുത്തെ മക്കാ ജീവിതഘട്ടത്തിൽ അവതരിച്ച ഖുർആൻ അധ്യായങ്ങളിൽ അനുഷ്ഠാനകർമങ്ങളുടെയും മറ്റും നിയമങ്ങളെക്കുറിച്ച് വിശദമായ പരാമർശം കാണാതിരിക്കുന്നത്. അവയധികവും ആദർശപരവും സദാചാരപരവുമായ ഉപദേശ നിർദേശങ്ങളും ഗതകാല മനുഷ്യ സമുദായങ്ങളുടെ കർമ–പരിണാമങ്ങളിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനുള്ള ആഹ്വാനങ്ങളുമാണ്.

നബി(സ)യുടെ മദീനാ ജീവിതകാലം വളരെ വ്യതിരിക്തമായ ഒരു ഘട്ടമായിരുന്നു. ഈ ഘട്ടത്തിലാണ് ഇസ്‌ലാമിനു ശക്തിയും സന്നാഹവും കൈവന്നത്. അന്നേക്ക് മുസ്‌ലിംകളുടെ അംഗസംഖ്യ വർധിക്കുകയും അവർ ഒരു വ്യവസ്ഥാപിത സമൂഹമായി രൂപാന്തരപ്പെടുകയും ഭരണകാര്യങ്ങൾ വിചാരം ചെയ്യേണ്ട സാമൂഹിക സ്ഥാപനമായി വളരുകയും ചെയ്തു കഴിഞ്ഞിരുന്നു. അതിനെ തുടർന്ന് ശരീഅത്ത് പ്രായോഗിക രൂപത്തിൽ മനസ്സിലാക്കിക്കൊടുക്കാനുള്ള അവസരം സംജാതമായി. തിരുമേനിയുടെ മദീനാ ജീവിതഘട്ടത്തിൽ അവതരിച്ച ഖുർആനികാധ്യായങ്ങളധികവും ഈ വശം ഊന്നിക്കൊണ്ടുള്ളവയാണ്. മനുഷ്യന്റെ ബഹുമുഖമായ ജീവിതമേഖലകളിൽ ആവശ്യമായ ഒട്ടേറെ നിയമ നിർദേശങ്ങൾ അവയിൽ കാണാം.

നബി(സ)യുടെ മദീനാ ജീവിതഘട്ടത്തിൽ മുസ്‌ലിംസമൂഹത്തെ അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള നിയമങ്ങൾ അല്ലാഹു തിരുമേനിക്ക് അപ്പപ്പോൾ വഹ്‌യ് (ദിവ്യസന്ദേശം) മുഖേന അറിയിച്ചുകൊണ്ടിരുന്നു. വല്ല പ്രശ്നവും സംഭവിച്ചിട്ട് അതേക്കുറിച്ച് നിയമം നിലവിലില്ലാതിരിക്കുകയോ ദിവ്യസന്ദേശം ലഭിക്കാതിരിക്കുകയോ ചെയ്താൽ അദ്ദേഹം ഇജ്തിഹാദ് ചെയ്ത് പ്രതിവിധി പ്രഖ്യാപിക്കും. ചിന്തിച്ച് നിയമം കണ്ടെത്തുക എന്നാണിവിടെ ഇജ്തിഹാദിന്റെ വിവക്ഷ. ഇജ്തിഹാദ് വഴി എത്തിച്ചേരുന്നത് ഒരു നിഗമനത്തിലായിരിക്കും. ആ നിഗമനം സുബദ്ധമാകാം; അബദ്ധവുമാകാം. പക്ഷേ, തിരുമേനിയുടെ ഇജ്തിഹാദിന്നത് ബാധകമല്ല. വഹ്‌യിന്റെ സ്ഥാനംതന്നെയാണതിനുള്ളത്. കാരണം, തിരുമേനിയുടെ ഇജ്തിഹാദ് വല്ലപ്പോഴും അബദ്ധമായിട്ടുണ്ടെങ്കിൽ അല്ലാഹു അത് സ്ഥിരീകരിക്കുകയില്ല. പ്രത്യുത, വഹ്‌യ് മുഖേന തിരുത്തുകയായിരുന്നു പതിവ്. ബദ്‌റിലെ യുദ്ധത്തടവുകാരെ മോചനപ്പിഴ വാങ്ങി സ്വതന്ത്രരാക്കിയതും തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാതെ പിന്തിനിൽക്കാൻ ചിലർക്കനുവാദം നൽകിയതും ഇങ്ങനെ തിരുമേനിയുടെ ഇജ്തിഹാദ് അല്ലാഹു തിരുത്തിയതിന് ഉദാഹരണങ്ങളാണ്.

മദീനാ ഘട്ടത്തിൽ ശരീഅത്ത് നിയമങ്ങളുടെ ഉറവിടം രണ്ടായിരുന്നു: അല്ലാഹുവിന്റെ വഹ്‌യും തിരുമേനിയുടെ ഇജ്തിഹാദും. വഹ്‌യ് മുഖേന ലഭ്യമായ എല്ലാ നിയമങ്ങളും വിശുദ്ധ ഖുർആനിലുണ്ട്. തിരുമേനിയുടെ ഇജ്തിഹാദ് വഴിയുള്ള നിയമങ്ങളാകട്ടെ തിരുസുന്നത്തിൽ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു. സുന്നത്ത് ഖുർആന്റെ ആധികാരിക വ്യാഖ്യാനം കൂടിയാണ്.

ഖുർആനും സുന്നത്തും ആണ് ശരീഅത്തിന്റെ ആധികാരികാടിസ്ഥാനങ്ങൾ. ജീവിതത്തിന്റെ മൗലിക പ്രധാനമായ എല്ലാ പ്രശ്നങ്ങളുടെയും വ്യക്തമോ വ്യംഗ്യമോ ആയ നിയമപരിഹാരങ്ങൾ അവയിലുണ്ട്. അവയുടെ വെളിച്ചത്തിൽ ആനുകാലിക പ്രശ്നങ്ങളെ വിലയിരുത്തുകയും അവയുടെ ശർഈ നിയമം മനസ്സിലാക്കിയെടുത്ത് പ്രയോഗവത്കരിക്കുകയും ചെയ്യുക എന്നതാണ് നബി(സ) തിരുമേനിയുടെ കാലശേഷം അവിടത്തെ അനുചരന്മാരുടെയും അവരെത്തുടർന്നു വരുന്ന എല്ലാ മുസ്‌ലിംജനസഞ്ചയങ്ങളുടെയും ബാധ്യത. അക്കാര്യം വിശുദ്ധ ഖുർആൻ കൽപിച്ചതും നബി(സ) പഠിപ്പിച്ചതുമാണ്.

അല്ലാഹു പറയുന്നു: "നിങ്ങൾക്ക് റസൂൽ കൊണ്ടുവന്നു തന്നത് മുറുകെ പിടിക്കുകയും നിങ്ങളോട് അദ്ദേഹം വിലക്കിയത് വർജിക്കുകയും ചെയ്യുവിൻ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ" (59:7).

"വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ. റസൂലിനെയും നിങ്ങളിൽനിന്നുള്ള കാര്യകർത്താക്കളെയും അനുസരിക്കുവിൻ. വല്ല സംഗതിയെക്കുറിച്ചും നിങ്ങൾ ഭിന്നിച്ചെന്നിരിക്കട്ടെ, നിങ്ങൾ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നവരാണെങ്കിൽ അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. അതാണുത്തമം. നല്ല പര്യവസാനവും" (4:59).

"താങ്കളുടെ രക്ഷിതാവാണ, തങ്ങൾക്കിടയിൽ ഉടലെടുക്കുന്ന പ്രശ്നങ്ങളിൽ താങ്കളെ വിധികർത്താവാക്കുകയും എന്നിട്ടവർക്ക് താങ്കൾ വിധിച്ചതിനെക്കുറിച്ച് യാതൊരു മനഃപ്രയാസവും തോന്നാതിരിക്കുകയും പൂർണമായും കീഴ്പ്പെടുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (4:65).

ഇവ്വിഷയകമായി ഹദീസിലും ധാരാളം സംഭവങ്ങൾ കാണാം. ചിലതിവിടെ കുറിക്കുന്നു:

നബി(സ) തിരുമേനി അലി(റ)യെ യമനിലേക്ക് നിയോഗിച്ചപ്പോൾ പറഞ്ഞു: "അല്ലാഹു താങ്കളുടെ ഹൃദയത്തിന് വഴി തിരിച്ചുതരികയും നാവിന് സ്ഥിരത നൽകുകയും ചെയ്യുമാറാകട്ടെ. താങ്കളുടെ മുമ്പാകെ വാദിയും പ്രതിയും ഹാജരായാൽ അവരിൽ ഒരാളുടെ സംസാരം കേട്ട് ശ്രദ്ധിക്കുന്നതുപോലെ അപരന്റേതും കേൾക്കണം. തീർച്ചയായും അത് കേസിനെക്കുറിച്ച് നല്ലപോലെ മനസ്സിലാക്കി വിധി പറയാൻ സഹായിക്കും."

തിരുമേനി (സ) മുആദുബ്നു ജബലി(റ)നെ യമനിലേക്ക് തന്നെ ഉദ്യോഗസ്ഥനായി നിയമിച്ചപ്പോൾ ചോദിച്ചു: വല്ല പ്രശ്നത്തിലും വിധിപറയേണ്ടിവന്നിട്ട് അല്ലാഹുവിന്റെ ഗ്രന്ഥത്തിലും അവന്റെ

ദൂതന്റെ ചര്യയിലും ആ വിധിക്കവലംബമായി ഒന്നും കാണാൻ കഴിഞ്ഞില്ലെങ്കിൽ താങ്കൾ എങ്ങനെ വിധി പറയും? മുആദ്(റ) പറഞ്ഞു: ഞാൻ എന്റെ ബുദ്ധി ഉപയോഗിക്കും. മുആദിന്റെ മറുപടി കേട്ട് തിരുമേനി അത്യധികം സന്തോഷിക്കുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്തു. തിരുമേനി തന്റെ സന്നിധിയിലെത്തിയ ഒരു കേസ് വിധി പറയാൻ അംറുബ്നു ആസി(റ)നോട് അരുൾ ചെയ്തു. അപ്പോൾ അംറ് പറഞ്ഞു: "അവിടുത്തെ സാന്നിധ്യത്തിൽ ഈയുള്ളവൻ 'ഇജ്തിഹാദ്' ചെയ്ത് വിധി പറയുകയോ!"

നബി(സ) പറഞ്ഞു: ''അതെ, താങ്കൾ ഇജ്തിഹാദ് ചെയ്ത് വിധി പറയണം. അത് സുബദ്ധമാണെങ്കിൽ താങ്കൾക്ക് രണ്ട് പ്രതിഫലമുണ്ട്. അബദ്ധമായിപ്പോയെങ്കിൽ ഒരു പ്രതിഫലവും."

അങ്ങനെ ശരീഅത്തിന്റെ അസ്തിവാരമുറപ്പിക്കുകയും ഭാവിയിൽ തങ്ങളെ അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും ആ അസ്തിവാരം ആസ്പദമാക്കി പ്രതിവിധി കാണണമെന്ന് അനുചരന്മാരെ പഠിപ്പിക്കുകയും അക്കാര്യം തന്റെ മുമ്പാകെ ഹാജരുള്ളവർ ഹാജരില്ലാത്തവർക്കെത്തിച്ച് കൊടുക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്ത ശേഷമാണ് നബി(സ) തിരുമേനി ഈ ലോകത്തോട് വിടവാങ്ങിയത്.

പിന്നീട് വന്നത് നബി(സ)യുടെ അനുചരന്മാരുടെ കാലഘട്ടമായിരുന്നു. അപ്പോഴേക്കും മുസ്ലിംകൾ അറേബ്യാ ഉപദ്വീപ് വിട്ട് ചുറ്റുമുള്ള വിദൂര ദിക്കുകൾ വരെ എത്തിക്കഴിഞ്ഞിരുന്നു. അതേതുടർന്ന് പുതിയ പുതിയ പ്രശ്നങ്ങൾ ഉടലെടുക്കുകയും അവയുടെയെല്ലാം ശരീഅത്ത് നിയമങ്ങൾ എന്തൊക്കെയെന്നറിയേണ്ടതനിവാര്യമായിത്തീരുകയും ചെയ്തു. ഇങ്ങനെ പുതിയ പ്രശ്നങ്ങൾ ഉത്ഭവിക്കുമ്പോൾ അവയുടെ നിയമലബ്ധിക്കായി അവർ ആദ്യം വിശുദ്ധ ഖുർആനിൽ നോക്കും. ഖുർആനിൽനിന്ന് നിയമനിർദേശം ലഭിച്ചില്ലെങ്കിൽ തിരുസുന്നത്തിൽ പരതും. അതുകൊണ്ടും ഫലമില്ലെങ്കിൽ ഖുർആനിലും സുന്നത്തിലും ഖണ്ഡിതമായ നിയമം വിശദമാക്കിയിട്ടുള്ള പ്രശ്നങ്ങളുമായി, ഉടലെടുക്കുന്ന ആനുകാലിക സംഭവങ്ങളെ തുലനം ചെയ്തുനോക്കും. അപ്പോൾ അവ തമ്മിൽ ന്യായമായും സാമ്യതയുണ്ടെന്ന് ബോധ്യമായാൽ മുൻ പ്രശ്നങ്ങളുടെ നിയമങ്ങൾ സമാന സംഭവങ്ങൾക്കു കൂടി ബാധകമാക്കി വിധി പ്രസ്താവിക്കും. ഈ ക്രിയക്ക് ഫിഖ്ഹിന്റെ ഭാഷയിൽ 'ഖിയാസ്' (ന്യായാധികരണം) എന്ന് പറയുന്നു. ഇവ്വിധം ഖുർആനിലും സുന്നത്തിലും വന്ന ഖണ്ഡിത നിയമങ്ങളെ വ്യാഖ്യാനിക്കുന്നതിന് സൂക്ഷ്മമായ ചിന്താശക്തിയും ഗവേഷണ നൈപുണിയും ആവശ്യമാണ്. ഇതിന് ഇജ്തിഹാദ് (നിയമഗവേഷണം) എന്ന് പേര്.

ഇജ്തിഹാദ് നബി(സ) തിരുമേനിയും നടത്തിയിട്ടുണ്ടെന്നും തിരുമേനിയുടെ ഇജ്തിഹാദ് പ്രമാദമുക്തമാണെന്നും മുൻ പ്രസ്താവങ്ങളിൽ വന്നു. എന്നാൽ തിരുമേനിയുടേതൊഴിച്ച് ആരുടെയും ഇജ്തിഹാദ് പ്രമാദമുക്തമല്ല. സ്വഹാബത്തിന്റെ ഇജ്തിഹാദിനുപോലും ബാധകമാണിത്.

ഒരു പ്രശ്നത്തിന്റെ നിയമം കണ്ടെത്താൻ വേണ്ടി ഇജ്തിഹാദ് ചെയ്യുന്ന എല്ലാ പണ്ഡിതന്മാരും ഒരേ നിഗമനത്തിൽ തന്നെ എത്തിച്ചേരണമെന്നില്ല. കാര്യഗ്രഹണ ശേഷിയുടെയും വീക്ഷണ വ്യത്യാസങ്ങളുടെയും അടിസ്ഥാനത്തിൽ അവരുടെ നിഗമനങ്ങളും വ്യത്യസ്തമാവാം. ഈ വ്യത്യാസങ്ങൾ പണ്ഡിത ശ്രേഷ്ഠന്മാരായിരുന്ന സ്വഹാബിവര്യന്മാർക്കിടയിലും കാണാമായിരുന്നു.

ഹി. 11-ാം വർഷം മുതൽ 93-ാം വർഷം വരെ നീണ്ടുനിൽക്കുന്നതാണ് സ്വഹാബത്തിന്റെ കാലഘട്ടം. പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്ന കാലഘട്ടമായിരുന്നു ഇത്. ഈ കാലഘട്ടത്തിൽ, ശരീഅത്തിന്റെ വിശാലമായ മേഖലകളിൽ ആവശ്യമായ നിയമങ്ങൾ അതിന്റെ അടിസ്ഥാന സ്രോതസ്സുകളിൽനിന്ന് പരിചിന്തനം ചെയ്തും വ്യാഖ്യാനിച്ചും ആവിഷ്കരിക്കുന്നതിന് കവാടം തുറന്നുവെച്ചു. ഖണ്ഡിതമായ പ്രമാണമൊന്നും കാണാതിരുന്ന സംഭവങ്ങളിൽ ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ ധാരാളം അഭിപ്രായങ്ങൾ രേഖപ്പെടുത്തി. അവയത്രയും പിൽക്കാല പണ്ഡിതന്മാരെ സംബന്ധിച്ചേടത്തോളം ഏറക്കുറെ പ്രബലങ്ങളായ അവലംബങ്ങളെന്ന നിലയിൽ സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്തു.

അങ്ങനെ നബി(സ) തിരുമേനിയുടെ മദീനാ ജീവിതഘട്ടത്തിൽ ബീജാവാപം ചെയ്ത ഫിഖ്ഹ്, സ്വഹാബത്തിന്റെ കാലഘട്ടത്തിൽ മുളച്ചുവളർന്ന് ഇലകളും ചില്ലകളുമായി പുഷ്പിക്കാൻ തുടങ്ങി. തുടർന്ന് വന്നത് ഫിഖ്ഹാകുന്ന ഈ പരിശുദ്ധ വൃക്ഷം, അതിന്റെ സ്വാദും സൗന്ദര്യവുമുള്ള ഫലങ്ങൾ നൽകിക്കൊണ്ടിരുന്ന കാലഘട്ടമായിരുന്നു. താബിഉകളുടെയും മുജ്തഹിദുകളായ ഇമാമുകളുടെയും കാലഘട്ടം. അന്നാണ് ഇസ്ലാമിക ഫിഖ്ഹ് ലോകത്തിന് അനർഘങ്ങളായ അനേകം സംഭാവനകളർപ്പിച്ചത്.

ഫിഖ്ഹ് എന്നാലെന്തെന്ന് നാം മനസ്സിലാക്കി. അതിന്റെ പ്രഭവകാലത്തെക്കുറിച്ചും ഒരേകദേശ ചിത്രം ലഭിച്ചു. എന്നാൽ ഫിഖ്ഹിന് നാമിന്ന് നൽകിവരുന്ന അർഥം, തിരുമേനിയുടെയും സ്വഹാബത്തിന്റെയും താബിഉകളുടെയും കാലഘട്ടങ്ങളിൽ ഉണ്ടായിരുന്നില്ല. 'ഫിഖ്ഹ്' എന്ന ധാതു ഖുർആനിലും സുന്നത്തിലും പ്രയോഗിച്ചിട്ടുള്ളതാകട്ടെ വളരെ വ്യാപകമായ ഒരർഥത്തിലാണ്. അതിന്റെ പരിമിതമായ ഒരംശമേ- മുജ്തഹിദുകളുടെ കാലം മുതൽ എന്നുതന്നെ പറയാം- ഫിഖ്ഹ് എന്ന സംജ്ഞക്കുള്ളൂ.

വിശ്വവിഖ്യാതമായ 'മുഖദ്ദിമത്തിബ്നു ഖൽദൂനി'ൽ പറയുന്നു: "ഫിഖ്ഹ് എന്നാൽ വിധിവിലക്കുകൾ പാലിക്കാൻ ബാധ്യസ്ഥരായിക്കഴിഞ്ഞ സ്ത്രീ-പുരുഷന്മാരുടെ കർമങ്ങളെ ബാധിക്കുന്ന ദൈവികനിയമങ്ങൾ മനസ്സിലാക്കുക എന്നതാണ്. നിർബന്ധം, നിഷിദ്ധം, ഐഛികം, അഹിതം, അനുവദനീയം എന്നിവയത്രെ നിയമങ്ങൾ. ഖുർആനിലും സുന്നത്തിലും ശാരിഅ് (അല്ലാഹു) നിശ്ചയിച്ചുതന്ന മറ്റു തെളിവുകളിലും പഠനപരിചിന്തനങ്ങൾ നടത്തിവേണം അവ മനസ്സിലാക്കുക. അങ്ങനെ ഇപ്പറഞ്ഞ തെളിവുകളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കിയെടുക്കുന്ന നിയമങ്ങളും ഫിഖ്ഹ് തന്നെയാണ്" (*മു*: പേജ് 353).

അദ്ദേഹം തുടരുന്നു: ''ഇവ്വിധം പഠന പരിചിന്തനങ്ങൾ വഴി നിയമങ്ങൾ മനസ്സിലാക്കിയെടുത്തിരുന്ന പണ്ഡിതന്മാരെ കുറിച്ച് ഇസ്ലാമിന്റെ പ്രാരംഭഘട്ടങ്ങളിൽ 'ഖുർറാഅ്' എന്നാണ് പറഞ്ഞിരുന്നത്. ഇക്കൂട്ടരെ ഖുർആൻ വായിക്കാനറിയാത്തവരിൽനിന്ന് വേർതിരിച്ചറിയാൻ വേണ്ടിയായിരുന്നു അത്. കാരണം നമുക്കെല്ലാം അറിയാവുന്നതുപോലെ അറബികൾ അക്ഷരാഭ്യാസമില്ലാത്തവരായിരുന്നു. പിന്നീട് ഇസ്ലാമിക നഗരങ്ങൾ ഉയർന്നുവരികയും അറബികൾ അക്ഷരാഭ്യാസം നേടുകയും ചെയ്തു. തുടർന്ന് നിയമാവിഷ്കരണം വഴി ഫിഖ്ഹിന്റെ വളർച്ച പൂർത്തിയായി അതൊരു കലയും വിജ്ഞാനശാഖയുമായി പരിണമിച്ചപ്പോൾ ആ നിയമാവിഷ്കർത്താക്കളെ ഖുർറാ എന്നതിന് പകരം ഫുഖഹാ എന്നും ഉലമാ എന്നും വിളിച്ചു" (*മുഖദ്ദിമ* പേജ് 353).

ഖുർആനിലും സുന്നത്തിലും പ്രയോഗിച്ച ഫിഖ്ഹിന്റെ അർഥം ദീനിൽ അഗാധമായ അറിവ് നേടുക എന്നാണ്. ദീനിന്റെ ദൃഷ്ടിയിൽ നിർബന്ധവും ഐഛികവുമായ എല്ലാതരം അറിവുകളും അതിലുൾപ്പെടും.

ഈ കാലഘട്ടത്തിൽ, വിജ്ഞാന ത്തിന്റെ വിവിധ ശാഖകളിലെന്നപോലെ ശരീഅത്ത് നിയമങ്ങളുടെ പഠന പരിചി ന്തനങ്ങളിലും അവയുടെ പ്രയോഗവത്ക രണ തലങ്ങളിലും മായാത്ത വ്യക്തിമുദ്ര പതിപ്പിക്കുകയും ഇസ്‌ലാമിക സമൂഹങ്ങ ളിൽ ചിന്താശീലവും പ്രത്യുൽപന്നമതി ത്വവും വളർത്തിയെടുക്കുകയും ജീവിത ത്തിന്റെ ആത്മീയ വശങ്ങൾക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം അതിന്റെ രാഷ്ട്രീയ-സാമൂഹിക-സാമ്പ ത്തിക മണ്ഡലങ്ങളിൽ അപ്പപ്പോൾ ആവ ശ്യമായി വന്നിരുന്ന നിയമങ്ങൾ ഇജ്തി ഹാദ് ചെയ്ത് പ്രഖ്യാപിക്കാനും പ്രാവർത്തികമാക്കാനും പ്രാപ്തരായ പണ്ഡിതന്മാരെ വാർത്തെടുക്കുകയും ചെയ്ത സ്വഹാബിവര്യന്മാരുടെ പട്ടിക വളരെ നീണ്ടതാണ്. അവരിൽ ചിലരുടെ പേരുകളെങ്കിലും ഇവിടെ അനുസ്മരി ക്കട്ടെ:

മദീനയിൽ സൈദുബ്നു സാബി ത്, മക്കയിൽ അബ്ദുല്ലാഹിബ്നു അബ്ബാ സ്, ഇറാഖിൽ അബ്ദുല്ലാഹിബ്നു മസ് ഊദ്, ഈജിപ്തിൽ അബ്ദുല്ലാഹിബ്നു അംറിബ്നുൽആസ്(റ) എന്നിവർ മേൽ പ്രസ്താവിച്ച രംഗങ്ങളിൽ ഉജ്ജ്വലി ക്കുന്ന വ്യക്തിത്വങ്ങളായിരുന്നു.

## ഇമാമുകളുടെ കാലഘട്ടം

സ്വഹാബത്തിനു ശേഷം യോ ഗ്യരും പ്രാപ്തരുമായ പ്രഗത്ഭ പണ്ഡിത നിരകളുടെ കാലഘട്ടമായിരുന്നു. ഹി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ 4-ാം നൂറ്റണ്ടിന്റെ ഉത്തരാർധം വരെ നീണ്ടുനിൽക്കുന്ന ഏകദേശം 250 കൊല്ല ക്കാലമാണത്. അതാണ് ഗവേഷണ പടു ക്കളായ (മുജ്തഹിദുകൾ) ഇമാമുകളുടെ കാലഘട്ടം. ഗ്രന്ഥരചനാ പ്രസ്ഥാനവും നിയമങ്ങളുടെ ക്രോഡീകരണവും സാവേശം മുന്നേറിക്കൊണ്ടിരിക്കുന്ന അവസരം. ഫിഖ്ഹിന്റെ - നിയമനിർമാ ണത്തിന്റെ സുവർണ കാലഘട്ടമെന്നാ ണതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. വിസ്തൃതമായ ഇസ്‌ലാമിക സാമ്രാജ്യ ത്തിന്റെ നിയമപരമായ സകല തല ങ്ങളും എല്ലാ വിധേനയും ഈ കാല ഘട്ടം സമ്പന്നമാക്കി. അതിന് സുപ്രധാ നങ്ങളായ പല കാരണങ്ങളുമുണ്ട്. ചില തിവിടെ കുറിക്കട്ടെ:

1. കിഴക്ക് ചൈന മുതൽ പടി ഞ്ഞാറ് സ്പെയിൻ വരെ നീണ്ടുകിടന്നി രുന്ന ഭൂപ്രദേശങ്ങളിൽ ഇസ്‌ലാം പ്രചരി ച്ചപ്പോൾ വ്യത്യസ്ത സമ്പ്രദായങ്ങളും ആചാര മര്യാദകളും വിഭിന്ന താൽപര്യ ങ്ങളും വെച്ചു പുലർത്തിപ്പോന്ന വിവിധ ജനവർഗങ്ങളാണ് അതിന്റെ കൊടിക്കീ ഴിൽ വന്നത്. ആ രാജ്യങ്ങളിലെ ഓരോ ജനവിഭാഗത്തിനും വെവ്വേറെ പ്രശ്നങ്ങ ളുണ്ടായിരിക്കും. അവക്കെല്ലാം ഈ പുതിയ ഭരണകൂടം പരിഹാരം കാണ ണം. അക്കാര്യം അവിടെയെത്തിയ ഭര ണത്തിന്റെയും നിയമത്തിന്റെയും കടി ഞ്ഞാൺ കൈയിലെടുത്ത പണ്ഡിതന്മാർ ശരിയാംവണ്ണം നിർവഹിച്ചു.

2. അക്കാലത്ത് നിയമനിർമാ ണവും ഫത്‌വാ പ്രഖ്യാപനവും നടത്തി ക്കൊണ്ടിരുന്ന പണ്ഡിതന്മാരെ സംബ ന്ധിച്ചേടത്തോളം അതിനുള്ള മാർഗങ്ങൾ അയത്നലളിതമായിരുന്നു. അവയെല്ലാം മുമ്പിൽ വെച്ച് നിരന്തര പരിചിന്തന ത്തിലും ഗവേഷണത്തിലും അവർ വ്യാപൃതരായി. അതിന്റെ ഫലം ശരീ അത്ത് നിയമങ്ങളുടെ തങ്കത്താളുകളിൽ പുതിയ സംഭാവനകൾ കൂട്ടിച്ചേർത്തു കൊണ്ടിരിക്കുകയെന്നതായിരുന്നു.

3. മുസ്‌ലിം ജനസഞ്ചയങ്ങൾ ഏ തവസ്ഥയിലും തങ്ങളുടെ ആരാധനാ കർമങ്ങൾ, ക്രയവിക്രയങ്ങൾ, വ്യക്തിഗ തവും സമഷ്ടിഗതവുമായ വ്യവഹാര ങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളും നിർവ ഹിക്കുന്നത് ഇസ്‌ലാമിക ശരീഅത്തിന നുരൂപമായേ ആകാവൂ എന്ന് നിർബന്ധ മുള്ളവരാണ്. കാരണം, ദൈവത്തിന്റെ കൽപനയാണത്. അതിനാൽ അവർ തങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാന പരവും ശാഖാപരവുമായ സർവ പ്രശ്ന ങ്ങളുടെയും നിയമങ്ങളറിഞ്ഞ് പ്രവർത്തി ക്കാൻ ബാധ്യസ്ഥരാണ്. അങ്ങനെ ആ നിയമങ്ങൾ ശരീഅത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽനിന്ന് നേരിട്ട് മനസ്സിലാ ക്കാൻ കഴിയുന്നവർ അങ്ങനെയും അല്ലാ ത്തവർ ശരീഅത്തിനെ കുറിച്ച് നന്നായി പഠിച്ചിട്ടുള്ള പണ്ഡിതന്മാരെ ആശ്രയിച്ചും പ്രവർത്തിക്കുക പതിവായിരുന്നു. അക്കാ രണത്താൽ ആ പണ്ഡിതന്മാരുടെ ഇജ്തി ഹാദിന്റെ രംഗങ്ങൾ സജീവമാകുയും നിരവധി സാമൂഹിക നിയമങ്ങൾ അവർ കാഴ്ചവെച്ചുകൊണ്ടിരിക്കുകയും ചെയ്തു.

4. ഇതേ കാലഘട്ടത്തിൽ തന്നെ യാണ് പ്രഗത്ഭരും ചിരസമ്മതരുമായ ഇമാം അബൂഹനീഫ, ഇമാം മാലിക്, ഇമാം ശാഫിഈ, ഇമാം അഹ്മദുബ്നു ഹമ്പൽ(റ) മുതലായ പണ്ഡിത പ്രഭാവ ന്മാർ ജീവിച്ചിരുന്നത്. ഗവേഷക പടുക്ക ളായ ഈ മഹാപണ്ഡിതന്മാർ കാലഘട്ട ത്തിന്റെ ആവശ്യം മനസ്സിലാക്കി ശരീ അത്ത് നിയമങ്ങളെ സൂക്ഷ്മവും സമു ചിതവുമായി വ്യാഖ്യാനിക്കുകയും ഫിഖ്ഹിൽ സ്വതന്ത്രമായ ചിന്താസരണി കൾ വെട്ടിത്തുറക്കുകയും ചെയ്തു. ഈ ചിന്താസരണികളാണ് ക്രമേണ 'മദ്ഹ ബുകൾ' എന്ന പേരിൽ അറിയപ്പെട്ടത്. ചുരുക്കത്തിൽ, ഇത് ഫിഖ്ഹിന്റെ വളർച്ച ത്വരിതപ്പെടുത്തുകയും അതിനെ അത്യു ന്നത ശ്രേണിയിൽ വാഴിക്കുകയും ചെയ്ത കാലഘട്ടമായിരുന്നു.

കേവലം ഹ്രസ്വമെങ്കിലും ഫിഖ്ഹിന്റെ ഉത്ഭവ വളർച്ചാ വികാസ ങ്ങളുടെ ചരിത്രത്തിലേക്കുള്ള ഈ എത്തിനോട്ടം വഴി മദ്ഹബുകളുടെ ആവിർഭാവ പശ്ചാത്തലത്തെക്കുറിച്ചും നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

## മദ്ഹബ് എന്നാൽ എന്ത്?

ذهب في المسألة الى كذا (ആ പ്രശ്നത്തെ ക്കുറിച്ച് ഇന്നതഭിപ്രായപ്പെട്ടു) എന്ന ഭാഷാ പ്രയോഗത്തിൽനിന്ന് വന്നതാണ് 'മദ്ഹബ്' (അഭിപ്രായം) എന്ന പദം. ആദർശമെന്നും മാർഗമെന്നും ഈ വാക്കിനർഥമുണ്ട്. ഇവിടെ അഭിപ്രായഗ തി, ചിന്താസരണി എന്നെല്ലാമാണർഥം. ഒരു പ്രശ്നത്തിൽ ഒരാൾ വെച്ചുപു ലർത്തുന്ന സ്വതന്ത്രമായ ഏതഭിപ്രായ ത്തെക്കുറിച്ചും മദ്ഹബ് എന്നു പറയാം. സാങ്കേതികമായി ഈ വാക്കിന് പ്രസ്താ വയോഗ്യമായ അസ്തിവാരമോ, അസ്തി ത്വമോ കാണാനില്ല. ചില സുപ്രധാന പ്രശ്നങ്ങളെ സംബന്ധിച്ച് അർഹരായ വ്യക്തികൾ ലക്ഷ്യസഹിതം അഭിപ്രായ ങ്ങൾ പ്രകടിപ്പിക്കുകയും ആ അഭിപ്രാ യങ്ങൾ ഏതോ തരത്തിൽ അംഗീകരിക്ക പ്പെടുകയും അവ പ്രയോഗതലത്തിൽ നിലവിൽവരികയും ചെയ്ക എന്നത് ഒരു പദത്തിന് സാങ്കേതിക സംജ്ഞയുടെ പരിവേഷം നൽകുമെങ്കിൽ 'മദ്ഹബ്' ഇപ്പോൾ ഒരു സാങ്കേതികപദമാണ്. പക്ഷേ ഇവ്വിധം സവിശേഷമായ ഏതഭി പ്രായത്തെക്കുറിച്ചും മദ്ഹബ് എന്ന് പറ യാം. നമ്മുടെ പ്രതിപാദ്യം ഫിഖ്ഹീ മദ്ഹബുകളാണ്.

## ഫിഖ്ഹീ മദ്ഹബുകളുടെ ഉത്ഭവം

ഇജ്തിഹാദിന്റെ ആവശ്യകത യെയും അതിന്റെ പ്രേരക പശ്ചാത്തല ങ്ങളെയും കുറിച്ച് അൽപസ്വൽപം പരാ മർശിക്കുകയുണ്ടായി. ഫിഖ്ഹിന് ജന്മം നൽകിയ അതേ ഇജ്തിഹാദ് തന്നെ യാണ് മദ്ഹബുകൾക്കും ജന്മം നൽകി യിട്ടുള്ളത്.

ഒരു പ്രശ്നത്തിൽ ശരീഅത്തിന്റെ ഖണ്ഡിതമായ നിയമമുണ്ടെങ്കിൽ ആ നിയമം എല്ലാവരും സർവാത്മനാ സമ്മ തിച്ച് കൊള്ളണം. അത്തരം നിയമങ്ങളെ കുറിച്ച് ഫിഖ്ഹ് എന്ന് പറയുകയില്ല. അവിടെ ഇജ്തിഹാദിന്റെ ആവശ്യമില്ല. നേരെ മറിച്ച്, ഏതെങ്കിലും കാര്യത്തിൽ വ്യക്തമായ നിയമമില്ലെങ്കിലാണ് ഇജ്തി ഹാദിന്റെ ആവശ്യം വരുന്നത്. ശരീഅ ത്തിന്റെ മൂലപ്രമാണങ്ങളിൽ വന്നിട്ടുള്ള വ്യക്തമോ വ്യംഗ്യമോ ആയ തെളിവു കളെ വ്യാഖ്യാനിച്ച്, അഭിമുഖീകരിച്ച പ്രശ്നത്തിന്റെ നിയമം കണ്ടെത്തണം.

അതാണ് ചുരുക്കിപ്പറഞ്ഞാൽ ഇജ്തിഹാദ് അഥവാ ഗവേഷണം. പക്ഷേ, ഇപ്പറഞ്ഞ തെളിവുകളധികവും അനുമാനാസ്പദങ്ങളായിരിക്കും. അവ മാത്രമേ ഇങ്ങനെ വ്യാഖ്യാനിക്കാൻ ശർഇൽ അനുവാദമുള്ളൂ. പ്രസ്തുത വ്യാഖ്യാനം വഴി എത്തിച്ചേരുന്ന നിഗമനങ്ങളാണ് അന്തിമമായി ഫിഖ്ഹീ മദ്ഹബ്. ഈ വസ്തുത അംഗീകരിക്കുന്ന പക്ഷം ഒരേ വിഷയത്തിൽ ഒന്നിലേറെ പണ്ഡിതന്മാർ ഇജ്തിഹാദ് ചെയ്യുമ്പോൾ എല്ലാവരും ഒരേ നിഗമനത്തിൽ എത്തിച്ചേരണമെന്നില്ല. പ്രത്യുത, ഒന്നിലേറെ നിഗമനങ്ങൾ രൂപംകൊള്ളാമെന്നും അവയോരോന്നും ഓരോ മദ്ഹബായിരിക്കാമെന്നും സമ്മതിക്കേണ്ടിവരും. വാസ്തവത്തിൽ മുസ്‌ലിം ലോകത്ത് ഫിഖ്ഹീ നിയമങ്ങളിൽ ഇത്രയധികം മദ്ഹബുകൾ ഉടലെടുത്തതിന്റെ രഹസ്യവും ഇതാണ്. മേൽപറഞ്ഞ അനുമാനാസ്പദങ്ങളായ തെളിവുകളെ വ്യാഖ്യാനിക്കുമ്പോൾ വന്നുഭവിക്കുന്ന സ്വാഭാവിക പരിണതിയാണത്. ഈ വ്യാഖ്യാനഫലമായി എത്തിച്ചേരുന്ന ഓരോ ഭിന്ന നിഗമനവും അതതിന്റെ വക്താവിനോട് ചേർത്തുപറയുന്നത് അപരന്റെ നിഗമനത്തിൽനിന്ന് വ്യവഛേദിക്കാൻ ഒരാവശ്യമായിരുന്നു. ഇങ്ങനെ വ്യതിരിക്തമായ ഓരോ നിഗമനത്തിന്റെയും വക്താവിനെ മദ്ഹബിന്റെ ഇമാം എന്ന് പറഞ്ഞുവന്നു. ഇതിൽനിന്ന് മദ്ഹബുകളും അവയുടെ വക്താക്കളും നിശ്ചിത എണ്ണത്തിൽ പരിമിതമല്ല. സ്വതന്ത്രവും വ്യത്യസ്തവുമായ അഭിപ്രായഗതികളെത്രയുണ്ടോ അത്രയും മദ്ഹബുകളുണ്ടാവാമെന്ന് വരും.

ശർഇന്റെ ചില പ്രത്യക്ഷ പ്രമാണങ്ങൾ (نصوص) വഹിക്കുന്ന അർഥവ്യാപ്തിയും ശരീഅത്ത് നിയമങ്ങൾ കൈകാര്യം ചെയ്യുന്ന പണ്ഡിതന്മാരുടെ (മുജ്തഹിദുകളുടെ) ചിന്താപരമായ കഴിവും കാര്യഗ്രഹണ ശേഷിയുമൊന്നിച്ചാണ് മുൻചൊന്ന ഭിന്നാഭിപ്രായങ്ങളുടെ നിമിത്തം. അപ്പോൾ പണ്ഡിത പ്രമാണങ്ങളും ഒരേയളവിലുള്ള ചിന്താശക്തികളും ഗ്രഹണശേഷിയും ഒത്തുചേർന്ന് പ്രവർത്തിക്കുമ്പോൾ വിലയിരുത്തേണ്ട വിഷയത്തെക്കുറിച്ച് ഏകാഭിപ്രായം പ്രകടമാക്കുന്നത് ഒരനിവാര്യതയാണെങ്കിൽ വ്യാഖ്യാനങ്ങൾക്ക് പഴുതുള്ള പ്രമാണങ്ങളും വ്യത്യസ്ത ചിന്താശക്തിയും കാര്യഗ്രഹണ ശേഷിയും സമ്മേളിക്കുന്നിടത്ത് വിചിന്തന വിധേയമാകുന്ന നിയമത്തെക്കുറിച്ചും ഭിന്നാഭിപ്രായങ്ങൾ പ്രകടമാവാം. പക്ഷേ, ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്: അനുവദനീയമായ ഈ അഭിപ്രായാന്തര സാധ്യത ദീനിന്റെ ശാഖാപരമായ പ്രശ്നങ്ങളിൽ പരിമിതമായിരിക്കും. മൗലിക പ്രധാനമായ ഒരു വിഷയത്തിലും ഏതൊരു മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളവും ഭിന്നാഭിപ്രായം പാടില്ലാത്തതാകുന്നു. ശരീഅത്ത് അതിന് പഴുത് വെച്ചിട്ടില്ല താനും.

എന്നാൽ ശരീഅത്തിന്റെ ശാഖാപരമായ പ്രശ്നങ്ങളിൽ ചിലപ്പോഴെല്ലാം ഇങ്ങനെ അഭിപ്രായന്തരങ്ങൾ അങ്കുരിക്കുന്നതിൽ അസാംഗത്യമേതുമില്ല. അത്തരം ചിലത് റസൂൽ(സ) തിരുമേനിയുടെ സാന്നിധ്യത്തിൽ പോലും സംഭവിച്ചിട്ടുണ്ട്. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു സംഭവം:

അഹ്സാബ് യുദ്ധം കഴിഞ്ഞ് എല്ലാവരും സ്ഥലം വിടാൻ ഒരുങ്ങുകയായിരുന്നു. അപ്പോൾ നബി(സ) പറഞ്ഞു: നിങ്ങൾ വേഗം ബനൂഖുറൈളയിലേക്ക് നടക്കുക. ബനൂഖുറൈളയിൽ എത്തിയേ അവർ നമസ്കരിക്കാവൂ. ഈ കൽപന കേട്ടപാട് സ്വഹാബികളെല്ലാം നേരെ ബനൂഖുറൈളയിലേക്ക് തിരിച്ചു. വഴിമധ്യേ അസ്വ്ർ നമസ്കാര സമയമായി. തൽസമയം ചിലർ വഴിക്ക് വെച്ച് അസ്വ്ർ നമസ്കരിച്ചു. മറ്റുള്ളവർ ലക്ഷ്യസ്ഥാനത്തെത്തിയ ശേഷവും. ഒന്നാം വിഭാഗത്തിന്റെ ന്യായം, നബി(സ) അപ്പറഞ്ഞതിന്റെ ഉദ്ദേശ്യം അസ്വ്ർ നമസ്കാരസമയമായാൽ നമസ്കരിക്കരുത് എന്നല്ല; കഴിവതും വേഗം ബനൂഖുറൈളയിൽ എത്തിച്ചേരണമെന്നാണ്. അതിനാൽ വഴിയിൽവെച്ച് നമസ്കരിക്കുന്നതുകൊണ്ട് വിരോധമില്ല. രണ്ടാം വിഭാഗം റസൂൽ(സ) തിരുമേനിയുടെ കൽപന ബാഹ്യാർഥത്തിലെടുക്കുകയും ബനൂഖുറൈളയിലെത്തിയ ശേഷം അസ്വ്ർ നമസ്കരിക്കുകയും ചെയ്തു. അങ്ങനെ അവർ ഈ സംഭവം തിരുമേനിയുടെ ശ്രദ്ധയിൽ പെടുത്തി. അപ്പോൾ അവിടുന്ന് ഇരു വിഭാഗത്തെയും ശരിവെക്കുകയാണ് ചെയ്തത്.

ഒരു സംഭവം കൂടി: ഇമാം അബൂദാവൂദ്, ഇമാം നസാഈ(റ) എന്നിവർ ഉദ്ധരിച്ചതാണ്: തിരുമേനിയുടെ രണ്ട് അനുചരന്മാർ യാത്ര ചെയ്തു. യാത്രാമധ്യേ നമസ്കാര സമയമായി. രണ്ടാളുടെയും കൈയിൽ വെള്ളമില്ല. അതിനാൽ അവർ തയമ്മും (മണ്ണ് കൊണ്ട് ശുദ്ധി വരുത്തൽ) ചെയ്തു നമസ്കരിച്ചു. പിന്നീടവർക്ക് യാത്രയിൽ സമയം കഴിയുംമുമ്പ് വെള്ളം ലഭിച്ചു. അപ്പോൾ ഒരാൾ വുദൂ (വെള്ളം കൊണ്ട് അംഗശുദ്ധി വരുത്തൽ) ചെയ്ത് രണ്ടാമത് നമസ്കരിച്ചു. മറ്റെയാൾ നമസ്കരിച്ചില്ല. അങ്ങനെ അവർ തിരുമേനിയുടെ മുമ്പാകെ വന്ന് സംഭവം വിവരിച്ചപ്പോൾ അവിടുന്ന് ഒന്നാമനോട് പറഞ്ഞു: താങ്കൾക്ക് രണ്ടുവട്ടം പ്രതിഫലം ലഭിച്ചു. രണ്ടാമനോട് പറഞ്ഞു: താങ്കൾ 'സുന്നത്ത്' കരസ്ഥമാക്കി. താങ്കളുടെ നമസ്കാരം തികച്ചും പര്യാപ്തമായിരിക്കുന്നു.

ഇതുവരെ പ്രസ്താവിച്ച വസ്തുതകളിൽനിന്ന് ഒരു കാര്യം അസന്ദിഗ്ധമായി തെളിഞ്ഞു: ഗവേഷകന്മാരുടെ അഭിപ്രായ വൈവിധ്യങ്ങളാണ് മദ്ഹബുകളുടെ വൈവിധ്യ കാരണം.

## പ്രചാരത്തിലിരുന്ന മദ്ഹബുകൾ

ഹിജ്റ നാലാം നൂറ്റാണ്ടിന്റെ അന്ത്യം വരെ ഇസ്‌ലാമിക ലോകത്ത് നിരവധി മദ്ഹബുകൾ പ്രചാരത്തിലുണ്ടായിരുന്നു. അവ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ആഴത്തിൽ വേരൂന്നുകയും ചെയ്തിരുന്നു. അവയിൽ സുപ്രധാനങ്ങളായിരുന്നു: 1. സുന്നീ മദ്ഹബുകൾ, 2. ശീഈ മദ്ഹബുകൾ, 3. ഇബാളിയ്യ മദ്ഹബ് എന്നിവ.

ഹനഫീ, മാലികീ, ശാഫിഈ, ഹമ്പലീ എന്നീ അതിജീവിച്ച നാലെണ്ണവും ഔസാഈ, ഥൗരീ, ലൈഥീ, സാഹിരീ, ത്വബരീ എന്നിങ്ങനെ മൃതപ്രായമായ അഞ്ചെണ്ണവുമാണ് സുന്നീ മദ്ഹബുകൾ. ഇവക്കു പുറമെ വേറെയും സുന്നീ മദ്ഹബുകളുണ്ടായിരുന്നു. പക്ഷേ, അവയെക്കുറിച്ച് ഫിഖ്ഹിന്റെ ചരിത്രഗ്രന്ഥങ്ങളിൽ ഏതാനും പ്രസ്താവങ്ങളേയുള്ളൂ.

സൈദിയ്യ, ഇമാമിയ്യ എന്നീ രണ്ടെണ്ണമാണ് ഇന്ന് പൊതുവെ പ്രചാരത്തിലും പ്രയോഗത്തിലുമുള്ള ശീഈ മദ്ഹബുകൾ. ഖവാരിജ് (അമീറുൽ മുഅ്മിനീൻ അലി(റ)യുടെ സൈന്യത്തിൽനിന്ന് സ്വയം പുറത്ത് പോയ ഒരുകൂട്ടം തീവ്രവാദികൾ) വിഭാഗത്തിലുൾപ്പെടുന്ന സൈദ് ബിൻ ഇബാളിന്റേതായി അറിയപ്പെടുന്ന ഒന്നാണ് ഇബാളീ മദ്ഹബ്. ഇതും പ്രചാരത്തിലുള്ള മദ്ഹബാണ്.

ഇപ്പറഞ്ഞ മദ്ഹബുകളും അവയുടെ വക്താക്കളും സവിസ്തര പഠനം അർഹിക്കുന്ന വിഷയങ്ങളാണ്. പക്ഷേ, അതിന് മുതിരുന്ന പക്ഷം കനത്ത ഒട്ടേറെ വാള്യങ്ങൾ എഴുതി കൂട്ടേണ്ടിവരും. എന്നിരുന്നാലും അവയെക്കുറിച്ച് ചുരുക്കം വാക്കുകളിൽ ഒരു പരിചയപ്പെടുത്തലെങ്കിലും ആവശ്യമാണ്.

ആദ്യമായി സുന്നീ മദ്ഹബുകളെക്കുറിച്ചാണ് ഹ്രസ്വമായ ഈ പരിഛേദം. അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ ചുരുക്കപ്പേരാണ് സുന്നി. ശീഈ, ഇബാളീ എന്നിവ പോലുള്ള അവാന്തര കക്ഷികളുടെ മദ്ഹബുകളെ വേർതിരിക്കുന്ന ഈ മദ്ഹബുകളാണ് ബഹുഭൂരിഭാഗം മുസ്‌ലിംകളും അംഗീകരിക്കുന്നത്. അവയിൽ ലോക വ്യാപകമായി പ്രചരി

ക്കുകയും ക്രിയാത്മകമായി നിലനിന്നു വരികയും ചെയ്ത മദ്ഹബുകൾ നാലെണ്ണമാണ്.

## 1. ഹനഫീ മദ്ഹബ്

ഹനഫീ മദ്ഹബിന്റെ വക്താവ് ഇമാം അബൂഹനീഫ നുഅ്മാനുബ്നി സാബിത്(റ) ആകുന്നു. ഹി. എഴുപതാമാണ്ടിൽ അദ്ദേഹം കൂഫയിൽ ജനിച്ചു. ചെറുപ്പന്നേ വിശുദ്ധ ഖുർആൻ മനഃപാഠമാക്കിയിരുന്ന അബൂ ഹനീഫ ഒട്ടേറെ മഹാപണ്ഡിതന്മാരിൽനിന്ന് ഹദീസും ഫിഖ്ഹും അഭ്യസിച്ചു. ഫിഖ്ഹിൽ അദ്ദേഹത്തിന്റെ പ്രധാന ഗുരു ഇമാം ഹമ്മാദുബ്നു സുലൈമാൻ(റ) ആയിരുന്നു. ഹമ്മാദ് ഇമാം ഇബ്റാഹീം നഖ്ഇയുടെ ശിഷ്യനുമായിരുന്നു.

തന്റെ സമകാലീനരായിരുന്ന മേലേക്കിട പണ്ഡിതന്മാർക്കൊന്നും സാധിക്കാതിരുന്ന ഒരു സ്ഥാനം ഇമാം അബൂഹനീഫ ഫിഖ്ഹിൽ അലങ്കരിച്ചിരിക്കുന്നു. ഫിഖ്ഹിലുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ ആഴവും പരപ്പും മനസ്സിലാക്കാൻ അദ്ദേഹത്തെക്കുറിച്ച് ഇമാം ശാഫിഈ പറയുന്ന ഈ ഒരൊറ്റ വാചകം മതിയാകും: 'ഫിഖ്ഹ് അറിയണമെന്നാഗ്രഹിക്കുന്നവർ അബൂഹനീഫയെയും അദ്ദേഹത്തിന്റെ ശിഷ്യന്മാരെയും ആശ്രയിക്കട്ടെ. ഫിഖ്ഹിന്റെ കാര്യത്തിൽ ലോകം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു'.

ഫിഖ്ഹിൽ അഗാധ പണ്ഡിതനായിരുന്ന ഇമാം അബൂഹനീഫ ഹദീസിലും നല്ല വിവരമുള്ള വ്യക്തിത്വമായിരുന്നു. ഫിഖ്ഹീ നിയമങ്ങളുൾക്കൊള്ളുന്ന ഏതൊരു ഹദീസും അദ്ദേഹത്തെപ്പോലെ പരിചിന്തനം ചെയ്ത് പഠിച്ച് മനസ്സിലാക്കുകയും അതിലടങ്ങിയ ഫിഖ്ഹീ വശങ്ങൾ നന്നായി പ്രകാശിപ്പിക്കുകയും ചെയ്യുന്ന വേറെ പണ്ഡിതന്മാർ അപൂർവമായിരുന്നു എന്ന് 'താരീഖ് ബഗ്ദാദ്' എന്ന ഗ്രന്ഥത്തിൽ തൽകർത്താവ് അൽഖത്വീബുൽ ബഗ്ദാദീ എഴുതിയിരിക്കുന്നു.

ഇമാം അബൂഹനീഫയുടെ ഹദീസ് പാണ്ഡിത്യം നാമമാത്രമായിരുന്നുവെന്നും അതാണദ്ദേഹം ഇജ്തിഹാദ് ചെയ്യുമ്പോൾ മിക്കപ്പോഴും യുക്തിയെ അവലംബിച്ചിരുന്നതെന്നും മറ്റും വാദിക്കുന്നവരുണ്ട്. പക്ഷേ, ആ വാദം വസ്തുതകൾക്ക് വിരുദ്ധമാണ്.

ഇമാം അബൂഹനീഫയുടെ അഗ്രിമസ്ഥാനം ഫിഖ്ഹിൽ മാത്രമായിരുന്നില്ല. ദൈവഭക്തിയിലും സൽക്കർമാനുഷ്ഠാന കാര്യത്തിലും ഭൗതികാഡംബരങ്ങളോടും സ്ഥാനമാനങ്ങളോടുമുള്ള വിരക്തിയിലും സ്വന്തം അധ്വാനഫലം കൊണ്ട് ലളിതജീവിതം നയിക്കുന്നതിലുമെല്ലാം അദ്ദേഹം അതുല്യ സാത്വികനായിരുന്നു.

കൂഫയിലെ 'ഖാസി' (ന്യായാധിപൻ) സ്ഥാനം തനിക്ക് രണ്ടു പ്രാവശ്യം വെച്ചുനീട്ടിയിട്ടും അദ്ദേഹമത് നിരസിക്കുകയുണ്ടായി. അതിന്റെ പേരിൽ അമവീ ഭരണകാലത്ത് കൂഫാ ഗവർണറായിരുന്ന ബിൻഹുബൈറയുടെ പ്രഹരത്തിനും അബ്ബാസീ ഭരണകാലത്ത് ഖലീഫാ മൻസൂറിന്റെ ജയിൽശിക്ഷക്കും അദ്ദേഹം വിധേയനാവേണ്ടിവന്നു. പക്ഷേ, ഈ ശിക്ഷകൾക്കൊന്നും അദ്ദേഹത്തെ സ്വന്തം നിലപാടിൽനിന്ന് ഒരിഞ്ചു പോലും വ്യതിചലിപ്പിക്കാൻ കഴിഞ്ഞില്ല. അവ അദ്ദേഹത്തിന് തന്റെ മാർഗത്തിൽ ഉറച്ചുനിൽക്കാൻ കൂടുതൽ കരുത്തേകുകയേ ചെയ്തുള്ളൂ. ഇസ്‌ലാമിക ചട്ടക്കൂടിൽനിന്ന് കുതറിച്ചാടാൻ വെമ്പിയിരുന്ന ഭരണകർത്താക്കളുടെ താളത്തിനൊത്ത് തുള്ളാൻ അദ്ദേഹം ഒരുക്കമല്ലായിരുന്നു.

അങ്ങനെ വിലമതിക്കാനാവാത്ത ഒരു വൈജ്ഞാനിക പൈതൃകവും ജീവിതമാതൃകയും കാഴ്ചവെച്ചുകൊണ്ട് ഹിജ്റ 150-ാമാണ്ടിൽ ഇമാം അബൂഹനീഫ(റ) ഈ ലോകത്തോട് വിടവാങ്ങി.

### ഹനഫീ മദ്ഹബിന്റെ അടിസ്ഥാനങ്ങൾ

ഫിഖ്ഹീ നിയമങ്ങൾ ആവിഷ്കരിക്കുന്നതിന് താൻ സ്വീകരിച്ചിരുന്ന അടിസ്ഥാനങ്ങളെയും രീതിയെയും കുറിച്ച് ഇമാം അബൂഹനീഫ തന്നെ പ്രസ്താവിച്ചതിവിടെ സംഗ്രഹിക്കാം:

"ഞാൻ ഒന്നാമതായി ദൈവഗ്രന്ഥവും രണ്ടാമതായി തിരുസുന്നത്തും തിരുമേനിയിൽനിന്ന് പ്രബലരായ ആളുകളിലൂടെ പ്രചരിച്ച റിപ്പോർട്ടുകളുമാണ വലംബിക്കുക. അവയിൽ (നിമയം) കാണാതിരിക്കുന്ന പക്ഷം നബി(സ) തിരുമേനിയുടെ അനുചരന്മാരിൽ ഞാനുദ്ദേശിക്കുന്നവരുടെ അഭിപ്രായം സ്വീകരിക്കും. ഞാനുദ്ദേശിക്കുന്നവരുടേത് തള്ളിക്കളയും. അവരുടെ അഭിപ്രായങ്ങൾ വിട്ട് മറ്റുള്ളവരുടെ വാക്കുകളിലേക്ക് ഞാൻ തിരിയുകയില്ല. അങ്ങനെ, കാര്യം ഇബ്റാഹീം, ഹസൻ ഇബ്നു സീരീൻ, സഈദ് (നബി(സ)യുടെ അനുചര ശിഷ്യന്മാരായ താബിഉകളിൽ ചിലർ) എന്നിവരിലെത്തിയാൽ അവർ ഇജ്തിഹാദ് ചെയ്തിരുന്ന പോലെ ഞാനും ഇജ്തിഹാദ് ചെയ്യും."

വിശുദ്ധ ഖുർആൻ, തിരുസുന്നത്ത്, ഇജ്മാഅ്, ഖിയാസ്, ഇസ്തിഹ്സാൻ എന്നീ പഞ്ചമൂലങ്ങളാണ് ഹനഫീ ഫിഖ്ഹിന്റെ അടിസ്ഥാനങ്ങൾ. ഇവയിൽ ഖുർആനും സുന്നത്തും എല്ലാ മദ്ഹബുകളുടെയും പ്രഥമാടിസ്ഥാനങ്ങളാണെന്നതിൽ രണ്ടു പക്ഷമില്ല. ഇജ്മാഇന്റെയും ഖിയാസിന്റെയും പ്രാമാണികതയെക്കുറിച്ച് എല്ലാ മുജ്തഹിദുകളും ഒരേ വീക്ഷണക്കാരല്ല. 'ഇസ്തിഹ്സാൻ' (നന്മദീക്ഷ, ധർമപ്രേരണ എന്നെല്ലാം ഭാഷാർഥം) എന്നത് ഇമാം അബൂഹനീഫ സ്വയം സ്വീകരിച്ചുവന്ന ഒരവലംബമാണ്. പൊതുതാൽപര്യ സംരക്ഷണ സാക്ഷാത്കാരത്തിന് കൂടുതൽ ഉതകുമെന്ന് ബോധ്യമായാൽ അദ്ദേഹം ഖിയാസിനല്ല, ഇസ്തിഹ്സാനിനാണ് മുൻഗണന നൽകിയിരുന്നത്. അതാണ് 'സ്വകീയാഭിപ്രായമനുസരിച്ച് ഗവേഷണം നടത്തുന്ന പണ്ഡിതൻ' എന്നദ്ദേഹത്തെ ഫിഖ്ഹിന്റെ ചരിത്രകാരന്മാർ വിശേഷിപ്പിക്കാൻ കാരണം.

ഇമാം അബൂഹനീഫ 'ഫിഖ്ഹ്' എന്ന വിഷയത്തിൽ വല്ല ഗ്രന്ഥവും എഴുതിയതായി തെളിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ മദ്ഹബാണെങ്കിൽ ശാശ്വതമായിത്തീരുകയും ചെയ്തിരിക്കുന്നു. ഈ അത്ഭുതം എങ്ങനെ സംഭവിച്ചു? അദ്ദേഹത്തിന്റെ ശതക്കണക്കായ നിസ്വാർഥരും യോഗ്യരുമായ ശിഷ്യന്മാരും അനുയായികളുമാണത് സാധിച്ചത്. അവരദ്ദേഹത്തിന്റെ ശിക്ഷണങ്ങളും വീക്ഷണങ്ങളും യഥാതഥം രേഖപ്പെടുത്തിവെക്കുകയും ആഖ്യാനങ്ങളും വ്യാഖ്യാനങ്ങളുമെഴുതിച്ചേർത്ത് ക്രോഡീകരിക്കുകയും ചെയ്തു. ഈ മഹത്തായ കൃത്യം നിർവഹിച്ചവരിൽ പ്രമുഖരായിരുന്നു ഇമാം അബൂയൂസുഫ് (ഹി. 113-183), ഇമാം മുഹമ്മദുബ്നു ഹസൻ (132-189), ഇമാം സുഫർ ബിൻ ഹുദൈൽ (110-158) എന്നീ ശിഷ്യന്മാർ.

ധാരാളം നാടുകളിൽ ഹനഫീ മദ്ഹബ് ഇന്ന് പ്രചാരത്തിലുണ്ട്. ഇറാഖ്, ഈജിപ്ത്, സിറിയ, യമൻ, ഇന്ത്യ, ചൈന, റഷ്യ, അഫ്ഗാനിസ്താൻ, പാകിസ്താൻ, തുർക്കിസ്താൻ, ബ്രസീൽ എന്നീ നാടുകൾ അവയിലുൾപ്പെടുന്നു.

## 2. മാലികീ മദ്ഹബ്

മാലികീ മദ്ഹബിന്റെ സ്ഥാപകൻ ഇമാം മാലിക്ബിൻ അനസ് അൽ അസ്ബഹീ(റ)യാണ്. യമൻകാരായിരുന്നു അദ്ദേഹത്തിന്റെ പ്രപിതാക്കൾ. മാലികിന്റെ നേർ പിതാമഹനായ അബൂ ആമിർ(റ) നബി(സ) തിരുമേനിയുടെ അനുചരഗണത്തിൽ ഒരാളായിരുന്നു.

ഹി. 93-ാമാണ്ടിൽ മദീനാ മുനവ്വറയിൽ ജനിച്ച മാലിക് വളർന്നതും വിദ്യാഭ്യാസം ചെയ്തതും മദീനയിൽതന്നെയായിരുന്നു. മദീന വിട്ട് ഒരു നാട്ടിലും അദ്ദേഹം പോയിട്ടില്ല. ഹദീസ്, ഫിഖ്ഹ് എന്നിവയിൽ ഒരുപോലെ നേതൃസ്ഥാനമലങ്കരിച്ച മഹാ പണ്ഡിതനായിരുന്നു അദ്ദേഹം. അതുപോലെ എല്ലാ സദ്ഗുണങ്ങളുടെയും നിസ്തുല മാതൃകയായി

രുന്നു ഇമാം മാലിക്. മുസ്‌ലിംലോകത്തിന്റെ ഖലീഫയടക്കം എല്ലാവരാലും ആദരിക്കപ്പെടുന്ന മഹാ വ്യക്തിത്വമായിരുന്നു. ഇമാം ശാഫിഈയെപ്പോലുള്ള പല മഹാന്മാരുടെയും അഭിവന്ദ്യ ഗുരുവര്യനുമായിരുന്നു അദ്ദേഹം. ഈജിപ്ത്, മൊറോക്കോ, സ്പെയിൻ മുതലായ വിദൂര നാടുകളിൽനിന്നുള്ള അനേകം വിദ്യാർഥികൾ അദ്ദേഹത്തിന്റെ ക്ലാസുകളിൽ സംബന്ധിച്ച് ഹദീസും ഫിഖ്ഹും പഠിച്ച് പ്രാവീണ്യം നേടുകയുണ്ടായി. തങ്ങളുടെ ഗുരുവര്യന്റെ വിജ്ഞാനസാഗരത്തിൽനിന്ന് മതിവരുവോളം പാനം ചെയ്തിരുന്ന ആ ശിഷ്യന്മാർ സ്വന്തം നാടുകളിൽ തിരിച്ചുപോയി അദ്ദേഹത്തിന്റെ മദ്ഹബ് പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഹി. 173-ൽ ഇമാം മാലിക് അന്തരിക്കുമ്പോൾ അദ്ദേഹത്തിന് ഇമാം ശാഫിഈയെപ്പോലുള്ള ധാരാളം ശിഷ്യന്മാരും അനുയായികളുമുണ്ടായിരുന്നു.

## മാലികീ മദ്ഹബിന്റെ അടിസ്ഥാനങ്ങൾ

വിശുദ്ധ ഖുർആൻ, തിരുസുന്നത്ത്, ഖിയാസ്, ക്രമപ്രകാരം ഇവയായിരുന്നു ഇമാം മാലികിന്റെ ഫത്‌വകൾക്കവലംബം. എന്നാൽ സുന്നത്തിന്റെ ഉദ്ധരണ മാർഗം 'ഖബർ ആഹാദ്' (ഏക നിവേദക പരമ്പര) ആണെങ്കിൽ അതദ്ദേഹം സ്വീകരിക്കുമായിരുന്നില്ല. അപ്പോൾ പിന്നെ ഒരു തെളിവെന്ന നിലയിൽ മദീനാ വാസികളുടെ പ്രവർത്തനം അവലംബിക്കുകയായിരുന്നു അദ്ദേഹം ചെയ്തിരുന്നത്. കാരണം, തങ്ങളുടെ മുൻഗാമികളും റസൂൽ(സ) തിരുമേനിയുടെ അനുചരന്മാരുമായ പ്രാമാണിക വ്യക്തിത്വങ്ങളുടെ അനന്തരഗാമികളാണ് മദീനക്കാർ. തിരുമേനിയുടെയും അവിടുത്തെ ശിഷ്യന്മാരുടെയും നേരിട്ടുള്ള ശിക്ഷണങ്ങളുടെ തുടർച്ചയായിരിക്കും അവരുടെ പ്രവൃത്തി. അത് 'മുതവാതിറി' (ബഹു നിവേദക പരമ്പര)ന് തുല്യമാണ് എന്നദ്ദേഹം വിശ്വസിച്ചിരുന്നു. ഇതിനെ ഇജ്മാഇന്റെ സ്ഥാനത്താണദ്ദേഹം കാണുന്നത്. ഇവക്കെല്ലാം പുറമെ 'മസാലിഹ് മുർസല' (പൊതുതാൽപര്യങ്ങൾ) എന്ന ഒരടിസ്ഥാനം കൂടി അദ്ദേഹം മെനഞ്ഞെടുത്തിരുന്നു. അത് ഇമാം അബൂഹനീഫയുടെ ഇസ്തിഹ്സാനിന് തുല്യമാണെന്ന് പറയാവുന്നതാണ്.

മാലികീ മദ്ഹബ് ഇക്കാലത്ത് ചുരുക്കം രാജ്യങ്ങളിലേ പ്രചാരത്തിലുള്ളൂ. മൊറോക്കോ, ഈജിപ്തിൽ ഏതാനും പീഠദേശ പ്രവിശ്യകൾ, സുഡാൻ എന്നീ പ്രദേശങ്ങളാണവ.

അൽമുവത്വ, അൽമുദവ്വനഃ എന്നീ രണ്ടെണ്ണമാണ് മാലികീ മദ്ഹബിലുള്ള അടിസ്ഥാന ഗ്രന്ഥങ്ങൾ. അവയിൽ മുവത്വ ഖലീഫാ മൻസൂറിന്റെ ആവശ്യപ്രകാരം ഇമാം മാലിക് തന്നെയാണ് സമാഹരിച്ചിട്ടുള്ളത്. എന്നാൽ മുദവ്വനഃ അദ്ദേഹത്തിന്റെ ശിഷ്യനായ ഇമാം സഹ്നൂൻ ആണ് ക്രോഡീകരിച്ചത്.

ഇമാം മാലികിന് വലിയ ഒരു ശിഷ്യ സമ്പത്തുണ്ടായിരുന്നു. അവരിൽ അബ്ദുർറഹ്മാനുബിൻ ഖാസിം (ഹി. 128 മരണം), അബ്ദുല്ലാ ബിൻ വഹബ് (ഹി. 125-197), അശ്ഹബ് ബിൻ അബ്ദിൽ അസീസ് (ഹി. 213 മരണം), സഹ്നൂൻ തനൂഖി (ഹി. 160-245) എന്നിവർ പ്രധാനികളിൽ ചിലരാണ്.

## 3. ശാഫിഈ മദ്ഹബ്

മുഹമ്മദ് ബിൻ ഇദ്‌രീസ് അശ്ശാഫിഈയാണ് ഈ മദ്ഹബിന്റെ ഉപജ്ഞാതാവ്. ഹി. 150-ൽ ഫലസ്തീനിൽ ഗസ്സ എന്ന സ്ഥലത്ത് ശാഫിഈ ജനിച്ചു. ശാഫിഈയുടെ പിതാവ് ഇദ്‌രീസ് ഖുറൈശീ വംശജനാണ്. കുടുംബസമേതം ഗസ്സയിൽ പോയി താമസമാക്കിയ ഇദ്‌രീസ് അവിടെ മരിച്ചു. അന്ന് ശാഫിഈ മുലകുടിക്കുന്ന കുട്ടിയായിരുന്നു. രണ്ടു കൊല്ലത്തിനു ശേഷം തന്നെയുംകൊണ്ട് മാതാവ് മക്കയിൽ വന്ന് താമസമാക്കി. ശാഫിഈ തന്റെ ഏഴാമത്തെ വയസ്സിൽ വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കി. അദ്ദേഹം ഭാഷാഭ്യാസം ചെയ്തത് ഏറ്റവും നല്ല ഭാഷ സംസാരിക്കുന്നവരെന്ന് പേരുകേട്ട ഹുദൈൽ ഗോത്രത്തിലായിരുന്നു. ശാഫിഈ, ഫിഖ്ഹ് പഠനം ആരംഭിച്ചത് ഹറം ശരീഫിലെ ശൈഖും മുഫ്തിയുമായിരുന്ന മുസ്‌ലിം ബിൻ ഖാലിദിന്റെ അടുത്തു നിന്നാണ്. ഇതിനിടെ അദ്ദേഹം അന്ന് പ്രചാരത്തിലിരുന്ന പല അറിവുകളും നേടിക്കൊണ്ടിരുന്നതോടൊപ്പം ഇമാം മാലികിന്റെ *മുവത്വ* മനഃപാഠമാക്കുകയുമുണ്ടായി. തുടർന്നദ്ദേഹം മദീനത്ത് പോയി ഇമാം മാലികിന്റെ ശിഷ്യത്വം സ്വീകരിക്കുകയും മുവത്വ 'പാഠം കേൾപിച്ചു' അദ്ദേഹത്തിൽനിന്ന് നേരിട്ട് പഠിക്കുകയും ചെയ്തു. പിന്നീട് ഇമാം ശാഫിഈ ഇറാഖിൽ പോയി ഇമാം അഹൂഹനീഫയുടെ ചില പ്രധാന ശിഷ്യന്മാരുമായി കാണുകയും അവരിൽ ഒരാളായ ഇമാം മുഹമ്മദ് ബിൻ ഹസനുമായി ഏതാനും വിഷയങ്ങളെക്കുറിച്ച് സംവാദങ്ങൾ നടത്തുകയും ചെയ്തു. മൂന്നു തവണ ഇറാഖിൽ പോയ ഇമാം ശാഫിഈ തന്റെ മദ്ഹബ് അവിടത്തുകാരിൽ പ്രചരിപ്പിച്ചു. അനന്തരം ഹി. 198-ൽ അദ്ദേഹം ഈജിപ്തിലേക്ക് തിരിക്കുകയും അവിടെ ഫുസ്താത്ത് എന്ന പട്ടണത്തിൽ അംറുബ്നുൽ ആസ്(റ) നിർമിച്ചിരുന്ന കലാലയത്തിൽ താമസമാക്കി വിജ്ഞാന പ്രചാരണവൃത്തിയിൽ ഏർപ്പെടുകയും ചെയ്തു. അവിടെയായിരുന്നു അദ്ദേഹത്തിന്റെ പുതിയ മദ്ഹബ് രൂപംകൊണ്ടത്. നേരത്തേ ഇറാഖിൽ പ്രചരിപ്പിച്ചിരുന്നത് തന്റെ പഴയ മദ്ഹബ് ആയിരുന്നു. വൈജ്ഞാനിക രംഗങ്ങളിലെല്ലാം അദ്വിതീയനായിരുന്നത് പോലെ ഇമാം ശാഫിഈ തികഞ്ഞ ദൈവഭക്തനും തിരുസുന്നത്തനുസരിച്ച് മാത്രം ജീവിതം ക്രമീകരിക്കുന്നതിൽ അതീവ ശ്രദ്ധാലുവുമായിരുന്നു. അങ്ങനെ ഇസ്‌ലാമിക ഫിഖ്ഹിന് വിലപ്പെട്ട സംഭാവനകളർപ്പിക്കുകയും ധാരാളം ശിഷ്യഗണങ്ങളെ വാർത്തെടുക്കുകയും ഭദ്രമായ ചില അടിത്തറകളോടെ ഫിഖ്ഹിൽ ഒരു ചിന്താസരണി ലോകത്തിനു സമ്മാനിക്കുകയും ചെയ്ത ഇമാം ശാഫിഈ ഹി. 204-ാം കൊല്ലത്തിൽ പരലോകം പൂകി.

ഇമാം ശാഫിഈയുടെ പ്രസിദ്ധമായ *അൽഉമ്മ്* എന്ന ബൃഹദ്ഗ്രന്ഥമാണ് ശാഫിഈ മദ്ഹബിന്റെ ആണിക്കല്ല്. അതേപ്പോലെ ഫിഖ്ഹിന്റെ നിദാന ശാസ്ത്രത്തിൽ ചില അടിസ്ഥാന സിദ്ധാന്തങ്ങളടങ്ങിയ *അർരിസാല* എന്ന ലഘുകൃതിയും അദ്ദേഹത്തിന്റേതാണ്. ആദ്യമായി ഫിഖ്ഹിന്റെ നിദാനശാസ്ത്രമെന്ന പേരിൽ ഒരു വിജ്ഞാനശാഖക്ക് അടിത്തറ പാവുകയും തദിഷയകമായി ചില അടിസ്ഥാന സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുകയും അവയെല്ലാം ഒരു കൃതിയിൽ സമാഹരിക്കുകയും ചെയ്ത പണ്ഡിതൻ എന്ന ബഹുമതി ഇമാം ശാഫിഈക്കുള്ളതാണ്.

ശാഫിഈ മദ്ഹബ് ആദ്യഘട്ടത്തിൽ ഇറാഖിലും ഈജിപ്തിലും പ്രചാരം സിദ്ധിച്ചതിൽ ഇമാം ശാഫിഈ തന്നെയാണ് വലിയ പങ്ക് വഹിച്ചിട്ടുള്ളത്. പിന്നീടത് അദ്ദേഹത്തിന്റെ ശിഷ്യന്മാർ മുഖേനെ ലോകത്തിന്റെ പല ഭാഗങ്ങളിലും ചെന്നെത്തി. ഈജിപ്തിൽ തീരദേശ പ്രവിശ്യകളിലും സിറിയ, ഫലസ്തീൻ എന്നീ രാജ്യങ്ങളിലും യമൻ, ഹിജാസ് എന്നിവിടങ്ങളിൽ ചിലേടത്തും മധ്യേഷ്യയിലും ഇന്ത്യയിൽ കേരളത്തിലുമാണ് ഇക്കാലത്ത് ശാഫിഈ മദ്ഹബിന് സ്വാധീനമുള്ളത്.

## ശാഫിഈ മദ്ഹബിന്റെ അടിസ്ഥാനങ്ങൾ

ഖുർആൻ, സുന്നത്ത്, ഇജ്മാഅ്, ഖിയാസ് എന്നിവയാണ് ശാഫിഈ മദ്ഹബിന്റെ അടിസ്ഥാന പ്രമാണങ്ങൾ. എന്നാൽ ഇമാം ശാഫിഈ ഏക നിവേദക പരമ്പരയിൽ വരുന്ന ഹദീസുകൾ ചില ഉപാധികളോടെ സ്വീകരിക്കുമായി

രുന്നു. അതിനാൽ അദ്ദേഹത്തിന് ആപേക്ഷികമായി കൂടുതൽ ഹദീസുകൾ അവലംബമാക്കാൻ അവസരമുണ്ടായി. അതുകൊണ്ടുതന്നെ ഇസ്തിഹ്സാൻ പോലുള്ള ചില സ്വകീയ പ്രമാണങ്ങളെ അവലംബിക്കേണ്ടിവന്നതുമില്ല.

ശാഫിഈ മദ്ഹബിനെ ശക്തിപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്തതിൽ ഇമാം ശാഫിഈയുടെ ശിഷ്യന്മാരും അനുയായികളും ഗണ്യമായ പങ്കാണ് വഹിച്ചത്. പല നാട്ടുകാരായ അവർ ധാരാളക്കണക്കിലുണ്ടായിരുന്നു. അവരിൽ ഈജിപ്തുകാരായ യൂസുഫ് ബിൻ യഹ്യാ ബുവൈത്വീ (മ. 231 ഹി.), ഇസ്മാഈൽ ബിൻ യഹ്യാ അൽ മുസ്നീ (മ. 264 ഹി.), റബീഉ ബിൻ സുലൈമാൻ അൽ മുറാദീ (മ. 270 ഹി.) എന്നിവർ പ്രത്യേകം എടുത്തോതേണ്ടവരാണ്.

## 4. ഹമ്പലീ മദ്ഹബ്

ഇമാം അഹ്മദ് ബിൻ മുഹമ്മദ് ബിൻ ഹമ്പൽ അശ്ശൈബാനീയാണ് ഹമ്പലീ മദ്ഹബിന്റെ സ്ഥാപകൻ. തന്റെ പിതാമഹനായ ഹമ്പലിനോട് ചേർത്ത് വിളിക്കപ്പെട്ടിരുന്ന അഹ്മദിന്റെ മദ്ഹബും അതേ പേരിൽ പ്രസിദ്ധപ്പെട്ടു.

ഹിജ്റ 164–ൽ അഹ്മദ് ബിൻ ഹമ്പൽ ബഗ്ദാദിൽ ജനിച്ചു. ബഗ്ദാദിൽ തന്നെയായിരുന്നു അദ്ദേഹം വളർന്ന് യുവാവായത്. ചെറുപ്പത്തിലേ അഹ്മദ് ഖുർആൻ മനഃപാഠമാക്കിയിരുന്നു. ഇമാം അക്കാലത്തെ മഹാ പണ്ഡിതന്മാരായ പലരിൽനിന്നും ഹദീസ് പഠിച്ചു. ഹദീസ് വിജ്ഞാനീയത്തിൽ വലിയ പ്രതിപത്തിയായിരുന്നു ഇമാം അഹ്മദിന്. ഹദീസ് നിവേദന–ക്രോഡീകരണ പ്രസ്ഥാനവും അവയുടെ നിദാനശാസ്ത്ര നിർമാണ സംരംഭവും തോളോട് തോൾചേർന്ന് മുന്നേറിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. അക്കാലത്താണ് ഹദീസ് ശാസ്ത്രത്തിലെ പ്രാമാണിക വ്യക്തികളായ ബുഖാരി, മുസ്ലിം മുതലായ പണ്ഡിത ശിരോമണികൾ ഹദീസിന്റെ നഭോമണ്ഡലത്തിൽ ഉദയം ചെയ്തത്. അവരധികവും ഇമാം അഹ്മദിന്റെ യോഗ്യരായ ശിഷ്യന്മാരായിരുന്നു.

അഹ്ലുസ്സുന്നത്തിന്റെ ഇമാം എന്ന സ്ഥാനത്തിനർഹനായിത്തീർന്ന അഹ്മദ് ബിൻ ഹമ്പൽ ആറു വാള്യങ്ങളുള്ള ബൃഹത്തായ ഒരു ഹദീസ് ഗ്രന്ഥം ക്രോഡീകരിച്ചു. *മുസ്നദ് അൽ ഇമാം അഹ്മദ്* എന്നറിയപ്പെടുന്ന ഈ ഗ്രന്ഥം മുസ്ലിംലോകത്തിന്റെ വിശ്വാസമാർജിച്ച അടിസ്ഥാന ഹദീസ് ശേഖരങ്ങളിലൊന്നാണ്.

ഹദീസിൽ മാത്രമായിരുന്നില്ല, ഫിഖ്ഹിലും മറ്റു പല വിജ്ഞാന ശാഖകളിലും ഇമാം അഹ്മദ് പ്രാവീണ്യം നേടിയിട്ടുണ്ട്. ദൈവഭക്തിയിലും മറ്റുൽകൃഷ്ട ഗുണങ്ങളിലും തന്റെ ഗുരുനാഥന്മാരും മുൻഗാമികളുമായ സാത്വികന്മാരുടെ ഒട്ടും പിന്നിലായിരുന്നില്ല അദ്ദേഹം. താൻ വിശ്വസിക്കുകയും ആചരിക്കുകയും ചെയ്യുന്ന സിദ്ധാന്തങ്ങൾ എവിടെയും ഉറക്കെ പ്രഖ്യാപിക്കാനും അതിന്റെ പേരിൽ നേരിടേണ്ടിവരുന്ന ക്ലേശങ്ങൾ സസന്തോഷം ഏറ്റുവാങ്ങാനും അദ്ദേഹത്തിന് തീരെ കൂസലുണ്ടായിരുന്നില്ല. 'ഖുർആൻ സൃഷ്ടിയോ' എന്ന വികലമായ വിവാദവിഷയത്തിൽ അബ്ബാസിയാ ഭരണകർത്താക്കളായ മഅ്മൂൻ, മുഅ്തസിം, വാഥിഖ് എന്നിവരുടെ മൃഗീയ ശിക്ഷകൾക്ക് അദ്ദേഹം പാത്രീഭവിച്ചതും മറ്റുമായ കദനകഥ ഇസ്ലാമിക ചരിത്രവിദ്യാർഥികൾക്ക് അജ്ഞാതമല്ല.

ഇമാം അഹ്മദ് ഫിഖ്ഹ് അഭ്യസിച്ചത് ഇമാം ശാഫിഈയുടെ അടുത്തുനിന്നായിരുന്നു. ഇമാം ശാഫിഈ ബഗ്ദാദിലുണ്ടായിരുന്ന കാലത്താണത്. ഹദീസിന് പ്രാധാന്യം നൽകിക്കൊണ്ടുള്ളതാണ് അഹ്മദിന്റെ മദ്ഹബ്. ഹി. നാലാം നൂറ്റാണ്ട് വരെ ഇറാഖിൽ മാത്രം ഒതുങ്ങിനിന്ന ആ മദ്ഹബ് ഈജിപ്തിലും മറ്റും എത്തിയത് ഏഴാം നൂറ്റാണ്ടിലായിരുന്നു. ഇപ്പോഴത് സുഊദി അറേബ്യ, ഖത്തർ എന്നിവിടങ്ങളിലും ഇറാഖ്, സിറിയ എന്നീ രാജ്യങ്ങളുടെ ചില ഭാഗങ്ങളിലും മികച്ചുനിൽക്കുന്ന മദ്ഹബാണ്.

ഹി. 241–ൽ ഇമാം അഹ്മദ് അന്തരിക്കുമ്പോൾ അദ്ദേഹത്തിന് വലിയൊരു ശിഷ്യഗണമുണ്ടായിരുന്നു. അവരുടെ കൈകളിലൂടെയായിരുന്നു അദ്ദേഹത്തിന്റെ മദ്ഹബ് പ്രചരിക്കാൻ തുടങ്ങിയത്. തങ്ങളുടെ ഗുരുനാഥന്റെ ഫത്വകളും അഭിപ്രായങ്ങളും ഏതാനും വാള്യങ്ങളിൽ അവർ ക്രോഡീകരിക്കുകയുണ്ടായി. പക്ഷേ, ഇന്ന് ഹമ്പലീ മദ്ഹബിന്റെ പ്രധാന അവലംബമെന്ന നിലക്ക് ഗണിക്കപ്പെടുന്നത് പന്ത്രണ്ട് വാള്യങ്ങളായി ഇബ്നു ഖുദാമ (1146–1223 ക്രി.) രചിച്ച *അൽമുഗ്നീ* എന്ന ഗ്രന്ഥമാണ്. ഫിഖ്ഹീ ഗ്രന്ഥങ്ങളിൽ അതിമഹത്തരവും ഫലപ്രദവുമായ ഒരവലംബമാണിത്.

ഇമാം അഹ്മദിന്റെ ശിഷ്യന്മാരും അവരുടെ ശിഷ്യന്മാരുമായ പല പണ്ഡിതന്മാർക്കും ഹമ്പലീ മദ്ഹബ് പ്രചരിപ്പിച്ചതിൽ വലിയ പങ്കുണ്ട്. അബൂബക്കർ അഹ്മദ് ബിൻ മുഹമ്മദ് ഹാനീ (മ. 273), അഹ്മദ്ബിൻ മുഹമ്മദ് അൽ ഹജ്ജാജ് (മ. 275), ഇബ്റാഹീം അൽ ഹർബീ (മ. 285), ഉമറുബിൻ അബൂ അലീ അൽ ഹുസൈൻ (മ. 324) എന്നിവർ അവരിൽ മുൻപന്തിയിൽ നിൽക്കുന്നു.

## ഹമ്പലീ മദ്ഹബിന്റെ അടിസ്ഥാനങ്ങൾ

1. ഖുർആൻ, സുന്നത്ത് എന്നിവയിൽ നിയമാംശമുള്ള 'പ്രത്യക്ഷ വചന'ങ്ങൾ.

2. അവ ലഭ്യമല്ലെങ്കിൽ സ്വഹാബത്തിന്റെ ഫത്വകൾ (മറ്റുള്ള പണ്ഡിതന്മാർ ഇതിനെയാണ് പൊതുവെ ഇജ്മാഅ് എന്ന് പറയുന്നത്).

3. സ്വഹാബത്തിന്റെ ഭിന്നമായ അഭിപ്രായങ്ങളിൽ ഖുർആന്റെയും സുന്നത്തിന്റെയും ആത്മസത്ത കൂടുതൽ ഉൾക്കൊള്ളുന്ന അഭിപ്രായം.

4. മുർസലോ ദുർബലമോ ആയ ഹദീസും ഖിയാസും കൂടി വന്നാൽ, ഹദീസിന് മുൻഗണന.

5. ഏറ്റവും അവസാനം ഖിയാസ്.

ഇവയാണ് ഹമ്പലീ മദ്ഹബിന്റെ അടിസ്ഥാനങ്ങൾ.

ഇങ്ങനെയുള്ള രീതി സ്വീകരിക്കാനദ്ദേഹത്തെ പ്രേരിപ്പിച്ചത് തന്റെ കാലഘട്ടത്തിൽ ഹദീസിന്റെ ലഭ്യതാമാർഗം ആപേക്ഷികമായി എളുപ്പമായിരുന്നതും മിക്ക പ്രശ്നങ്ങളെക്കുറിച്ചും താരതമ്യേന ധാരാളം മാർഗങ്ങളിലൂടെ കൂടുതൽ ഹദീസുകൾ ശേഖരിക്കാൻ കഴിഞ്ഞിരുന്നതുമാണെന്ന് മനസ്സിലാക്കാൻ സാധിക്കും.

## ശീഈ മദ്ഹബുകൾ

അനുയായികൾ, സഹായികൾ, കക്ഷി, പാർട്ടി എന്നെല്ലാം അർഥമുള്ള ശീഅഃ എന്ന അറബി വാക്കാണ് ഈ പേരിന്റെ മൂലം. റസൂൽ(സ) തിരുമേനിയുടെ നിര്യാണാനന്തരം ഖിലാഫത്ത് (ഭരണാധികാരം) അലിയ്യുബ്നു അബീത്വാലിബിലും അദ്ദേഹത്തിന്റെ സന്താനപരമ്പരയിലും നിക്ഷിപ്തമാണെന്ന് വാദിച്ചിരുന്ന ഒരു വിഭാഗമുണ്ടായിരുന്നു. യഥാർഥത്തിൽ മുസ്ലിം ഐക്യം തുരങ്കംവെക്കാനും അവരുടെ ശക്തി ക്ഷയിപ്പിക്കാനും ആസൂത്രണം ചെയ്ത ഒരു ജൂത ഗൂഢാലോചനയുടെ ഫലമായി ഉടലെടുത്ത വഴിതെറ്റിയ വാദമായിരുന്നു അത്. നിർഭാഗ്യവശാൽ വിഷലിപ്തമായ ഈ വാദത്തിന്റ പൊരുളറിയാൻ ശ്രമിക്കാതെ ഒരുപറ്റം മുസ്ലിംകൾ അതിൽ വഞ്ചിതരായി. അവസാനം അതൊരു ആദർശാധിഷ്ഠിത രാഷ്ട്രീയ പ്രസ്ഥാനമായി രൂപാന്തരപ്പെടുകയും മുസ്ലിം ജനപദങ്ങളിൽ ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് വിവാദവിഷയമായിത്തീരുകയും ചിലരെ അങ്ങേയറ്റം സ്വാധീനിക്കുകയും ചെയ്തു. തൽഫലമായി അവർ മറ്റു മുസ്ലിംകളിൽനിന്നും വ്യതിരിക്തമായ ഒരു ചിന്താസരണിയും പ്രവർത്തനരീ

തിയും സ്വീകരിക്കുകയുണ്ടായി.

ശീഈയിൽ ധാരാളം അവാന്തര വിഭാഗങ്ങളുണ്ട്. അവരിൽതന്നെ പരസ്പരം കാഫിറാക്കിക്കൊണ്ടിരിക്കുന്നവരും തീവ്രവാദം നിമിത്തം ഇസ്‌ലാമിൽനിന്ന് പുറംതള്ളപ്പെട്ടവരുമുണ്ട്. ഈ അവാന്തരകക്ഷികളടക്കം ശീഈകളെ മൂന്ന് വിഭാഗമായി തിരിക്കാം: സൈദികൾ, ഇമാമികൾ, തീവ്രവാദികൾ.

പ്രചാരം പരിഗണിക്കുമ്പോൾ ഇതുവരെ വിവരിച്ച നാല് മദ്ഹബുകളുടെ തൊട്ടടുത്താണ് ശീഈകളിൽ മിതവാദികളുടെ മദ്ഹബുകൾ സ്ഥിതി ചെയ്യുന്നത്. അവ പൊതുവെ രണ്ടെണ്ണമാണ്: സൈദിയ്യ, ഇമാമിയ്യാ.

## 5. സൈദിയ്യ മദ്ഹബ്

അലി(റ)യുടെ മകൻ ഹുസൈന്(റ) അലി സൈനുൽ ആബിദീൻ എന്ന ഒരു മകനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ സൈദാണ് (ഹി. 80–122) ഈ മദ്ഹബിന്റെ ഉപജ്ഞാതാവ്. സൈദ് (റ) എല്ലാ ഉത്തമ ഗുണങ്ങളുടെയും സംഗമമായിരുന്നു. ഖുർആനിക വിജ്ഞാനീയത്തിലും ഫിഖ്ഹിലും മറ്റു കാലിക കലാശാസ്ത്രങ്ങളിലും അഗാധമായ പാണ്ഡിത്യമായിരുന്നു അദ്ദേഹത്തിന്റേത്. താൻ അവഗാഹം നേടിയ എല്ലാ വിജ്ഞാന ശാഖകളിലും അദ്ദേഹം പല കൃതികളും രചിച്ചിട്ടുണ്ട്. അവയിൽ സുപ്രധാനമായ ഒന്നാണ് *അൽമജ്മൂഅ്.*

ഇമാം സൈദിന്റെ കാലശേഷം തന്റെ മദ്ഹബിൽ പല ഇമാമുകളും പണ്ഡിതന്മാരും രംഗപ്രവേശം ചെയ്കയും മിക്കവരും മദ്ഹബിനെ വ്യാഖ്യാനിച്ചും വിശദീകരിച്ചും ധാരാളം കൃതികൾ രചിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവയധികവും ഇന്നും സൈദിയ്യ മദ്ഹബിന്റെ പ്രധാന കേന്ദ്രമായ യമനിലെ ലൈബ്രറികളിൽ തടവറകളിലെന്ന പോലെ സൂക്ഷിച്ച് വെച്ചിരിക്കുകയാണ്. അതിനാൽ അവയിൽ മിക്കവയെക്കുറിച്ചും നമുക്ക് കേട്ടുകേൾവി മാത്രമേയുള്ളൂ. എന്നാൽ സൈദിയ്യ മദ്ഹബിന്റേതായി ലഭ്യമായ ഗ്രന്ഥങ്ങളിൽനിന്ന് ഗ്രഹിക്കാൻ കഴിയുന്നത്, സൈദിയ്യ ഫിഖ്ഹ് അഹ്‌ലുസ്സുന്നത്തിന്റെ മദ്ഹബുകളിൽനിന്നും വളരെയൊന്നും അകലെയല്ല എന്നാണ്. പരിമിതമായ പ്രശ്നങ്ങളിൽ ഈ രണ്ട് ഫിഖ്ഹും തമ്മിലുള്ള ഭിന്നാഭിപ്രായങ്ങൾ ഒതുങ്ങിനിൽക്കുന്നു. അമുസ്‌ലിം അറുത്ത മാംസം ഭക്ഷിക്കുക, വേദക്കാരിയെ വിവാഹം കഴിക്കുക എന്നിവ ഉദാഹരണം.

## 6. ഇമാമിയ്യാ മദ്ഹബ്

ശീഈകളിൽ ബഹുഭൂരിഭാഗവും ഇമാമിയ്യാ മദ്ഹബുകാരാണ്. ഇറാൻ, ഇറാഖ് എന്നീ രാജ്യങ്ങളാണതിന്റെ പ്രധാന സങ്കേതങ്ങൾ. അതിന് ശാഫിഈ മദ്ഹബിനോട് ഏതാണ്ടൊരടുപ്പമുണ്ട്. അഹ്‌ലുസ്സുന്നത്തിന്റെ മദ്ഹബുമായി പത്തിലധികം പ്രശ്നങ്ങളിൽ മാത്രമാണ് ഇമാമിയ്യാ മദ്ഹബിന്റെ ഭിന്നാഭിപ്രായം. ഉദാഹരണം: മുത്അഃതിന്റെ വിവാഹം, ത്വലാഖിന് സാക്ഷി.

ഇമാമിയ്യയുടെ സ്ഥാപകൻ അബൂജഅ്ഫർ മുഹമ്മദുബിൻ ഹസൻ അൽഖുമ്മി (മ. 290)യാണ്.

ഇപ്പറഞ്ഞ രണ്ട് ശീഈ മദ്ഹബുകളുടെയും അടിസ്ഥാനങ്ങൾ ഒന്നാമതായി വിശുദ്ധ ഖുർആനും രണ്ടാമതായി തിരുസുന്നത്തുമാണ്. പക്ഷേ, അഹ്‌ലുബൈതി(നബി തിരുമേനിയുടെ കുടുംബങ്ങൾ)ന്റെ പരമ്പരയിലൂടെ നിവേദനം ചെയ്ത സുന്നത്ത് മാത്രമേ അവർ അംഗീകരിക്കുകയുള്ളൂ.

ഇമാമിയ്യാ മദ്ഹബും ധാരാളം ഗ്രന്ഥങ്ങളുടെ കലവറയാണ്. അവയിലൊന്നാണ്, *അൽ ഹലാൽ വൽ ഹറാം* എന്ന കൃതി. ഇമാം മൂസാ അൽഖാസിം (മ. ഹി. 183) രചിച്ച ഈ കൃതി തന്നോട് ഉന്നയിക്കപ്പെട്ട ചില ചോദ്യങ്ങൾക്കുള്ള മറുപടികളുടെ സമാഹാരമാണ്. ഇമാം മൂസായുടെ പുത്രൻ അലി അൽ റിസാ എഴുതിയ *ഫിഖ്ഹ് അൽ റിസാ*യും മുഹമ്മദ് ബിൻ യഅ്ഖൂബ് അൽ കുലൈനി (മ. 328)യുടെ *അൽ കാഫീ ഫീ ഇൽമി ദ്ദീൻ* എന്ന കൃതിയും ഇമാമിയ്യാ മദ്ഹബിലെ ചില അവലംബങ്ങളത്രെ.

## 7. ഇബാളിയ്യാ മദ്ഹബ്

അബ്ദുല്ലാ ബിൻ ഇബാള് അത്തമീമി(മ. ഹി. 80)യുടേതെന്നാണ് ഈ മദ്ഹബിനെക്കുറിച്ച് പറഞ്ഞുവരുന്നത്. എന്നാൽ പ്രധാന താബിഈ വര്യന്മാരിലൊരാളായ ജാബിറുബിൻ സെയ്ദ് ആണ് ഈ മദ്ഹബിന്റെ സാക്ഷാൽ സ്ഥാപകനെന്ന് ആധുനിക ഇബാളീ പണ്ഡിതന്മാർ അവകാശപ്പെടുന്നു.

തന്നേക്കാൾ പ്രായം കുറഞ്ഞ ജാബിറായിരുന്നു അബ്ദുല്ലായുടെ ഗുരുനാഥൻ. അമവീ ഭരണകാലത്ത് രാഷ്ട്രീയ രംഗങ്ങളിൽ കൂടുതൽ ശോഭിക്കുകയും വൈജ്ഞാനിക മേഖലകളിൽ പ്രസിദ്ധനായിത്തീരുകയും ചെയ്തതിനാൽ ഈ മദ്ഹബ് അബ്ദുല്ലാ ബിൻ ഇബാളിയോട് ചേർത്തു പറഞ്ഞതായിരിക്കാമെന്നാണ് പൊതുവെയുള്ള നിഗമനം.

ഇബാളികൾ ഖവാരിജിലെ ഒരവാന്തര വിഭാഗമാണെന്ന് ഒരു കൂട്ടം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പക്ഷേ ഇബാളികളുടെ ഉത്ഭവചരിത്രം സൂക്ഷ്മമായി പരിശോധിക്കുന്ന പക്ഷം തങ്ങളുടെ ദൃഷ്ടിയിൽ അനഭിമതരായി ഗണിക്കപ്പെടുന്ന ചില ആളുകളുടെ മേൽ അന്നത്തെ ഭരണകൂടം അടിച്ചേൽപിച്ച പേരാണ് ഇപ്പറഞ്ഞ ഖവാരിജ് എന്ന് ഗ്രഹിക്കാം. കാരണം ജാബിറിനെപ്പോലുള്ള ഉയർന്ന പ്രതിഭകളെ ഭരണകൂടം സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചിരുന്നത്.

ദൈവഭക്തിയും മതനിഷ്ഠയും മാനുഷികമായ മറ്റെല്ലാ ഉത്തമ ഗുണങ്ങളും ഒത്തുമേളിച്ച മാതൃകായോഗ്യരായ ധാരാളം അനുയായികൾക്ക് ജന്മം നൽകിയ പ്രസ്ഥാനമായിരുന്നു ഇബാളിയ്യ. ഈ മദ്ഹബിന് അനൽപമായ ഫിഖ്ഹീ ഗ്രന്ഥങ്ങളുണ്ട്. 'കിത്താബുന്നീൽ വ ശിഫാഉൽ അലീൽ', *ശറഹുന്നീൽ*, *തൽഅത്തുശ്ശംസ്* എന്നിവ ഇബാളീ മദ്ഹബിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളത്രെ.

ഇപ്പോൾ ഇബാളിയ്യ മദ്ഹബിന്റെ പ്രധാന കേന്ദ്രങ്ങൾ ഒമാൻ, ആൾജീരിയ എന്നീ രാജ്യങ്ങളാകുന്നു.

ഇബാളിയ്യാ മദ്ഹബും സുന്നീ മദ്ഹബുകളോടടുപ്പമുള്ള ഒന്ന് തന്നെയാണ്. മദ്ഹബീ പക്ഷപാതം താരതമ്യേന കുറഞ്ഞവരുമാണീ മദ്ഹബുകൾ. എന്നാൽ ഇബാളികളിൽ തന്നെ കടുത്ത മദ്ഹബീ പക്ഷപാതികളും അപരന്മാരെ കാഫിറാക്കുന്ന ഏതാനും തീവ്രവിഭാഗങ്ങളും ഇല്ലാതില്ല. ഏതായാലും ഇബാളികൾ ചരിത്രത്തിൽ സ്ഥലംപിടിച്ചിട്ടുള്ള, ഇമാം അലി(റ)യുടെ എതിരാളികളായിരുന്ന ഖവാരിജിന്റെ തനതായ സ്വഭാവങ്ങളിൽനിന്നും ഏറക്കുറെ വ്യത്യസ്തമായ ഒരു വിഭാഗമാണെന്ന് പറയാവുന്നതാണ്.

സുന്നീ മദ്ഹബുകാരുടേത് പോലെത്തന്നെ ഖുർആൻ, സുന്നത്ത്, ഇജ്മാഅ്, ഖിയാസ് എന്നിവയാണ് ഇബാളികളുടെയും ഫിഖ്ഹിന്റെ പ്രധാന മൂലങ്ങൾ.

മുസ്‌ലിംലോകത്ത് ഇന്നേവരെ പ്രചാരത്തിലും പ്രവർത്തനത്തിലുമിരുന്ന ഫിഖ്ഹീ മദ്ഹബുകളെക്കുറിച്ചാണ് ഇതുവരെ പ്രതിപാദിച്ചത്. ഒരു കാലത്ത് പ്രചാരത്തിലിരുന്നതും പിന്നീട് കാലയവനികക്കുള്ളിൽ മറഞ്ഞതുമായ ഏതാനും മദ്ഹബുകളിലേക്ക് ഒരു വിഹഗവീക്ഷണം കൂടി ഇവിടെ പ്രസക്തമാണ്. നിലവിലുള്ള മദ്ഹബുകളെ പോലെ അനുയായികളും അനുകർത്താക്കളുമുണ്ടെങ്കിൽ ഇനിയും അതിജീവിക്കാൻ അർഹതയുള്ളവയാണവയിൽ പലതും.

## 1. ഔസാഈ മദ്ഹബ്

ദമസ്കസിൽ ജനിച്ചു വളരുകയും ബൈറൂത്തിൽ സ്ഥിരവാസമുറപ്പിക്കുകയും ചെയ്ത ഇമാം അബൂഅംറ് അബ്ദുർറഹ്മാൻ ബിൻ മുഹമ്മദ് അൽ

ഔസാഈ (ഹി. 88–157)യാണ് ഔസാഈ മദ്ഹബിന്റെ വക്താവ്. ഇമാം ഔസാഈ തന്റെ കാലഘട്ടക്കാരുടെ, വിശിഷ്യാ ശാംകാരുടെ അനിഷേധ്യനായ ഇമാം ആയിരുന്നു. വിശുദ്ധ ഖുർആൻ കഴിച്ചാൽ തിരുസുന്നത്തിന് പ്രാധാന്യം നൽകിയിരുന്ന ഇമാം ഔസാഈ ഖിയാസിന്റെ കടുത്ത നിഷേധിയായിരുന്നു. തിരുസുന്നത്തിനെ പിൻപറ്റാനും 'സംഘടന'യിൽ ഒട്ടിച്ചേർന്ന് നിൽക്കാനും അദ്ദേഹം സദാ ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. "റസൂൽ(സ) തിരുമേനിയിൽനിന്ന് ഒരു ഹദീസ് നിങ്ങൾക്ക് ലഭിക്കുന്നപക്ഷം അത് കൈവിട്ട് മറ്റുള്ളതിനെ ആസ്പദിച്ച് അഭിപ്രായം പറയുന്നത് സൂക്ഷിക്കണം; കാരണം അത് അല്ലാഹുവിൽനിന്ന് ലഭിച്ചിട്ടുള്ളതാണ്" എന്ന് അദ്ദേഹം പറയുകയുണ്ടായി.

ഇമാം ഔസാഈ മറ്റെല്ലാ മഹാന്മാരായ പണ്ഡിതന്മാരെയും പോലെ ദൈവഭയം, മതഭക്തി, ഭൗതികവിരക്തി തുടങ്ങിയ എല്ലാ സൽസ്വഭാവങ്ങളുടെയും ഉടമയായിരുന്നു. ശാം നിവാസികളും സ്പെയിൻകാരും കുറേ കാലം ഔസാഈ മദ്ഹബുകാരായിരുന്നു. പിൽക്കാലത്ത് അവിടങ്ങളിൽ മാലികീ, ശാഫിഈ മദ്ഹബുകളുടെ പ്രചാരകന്മാരെത്തുകയും കൂടെക്കൂടെ അവർ വർധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അതോടെ ഔസാഈ മദ്ഹബ് പുസ്തകത്താളുകളിൽ മാത്രം അവശേഷിച്ചു.

## 2. ഥൗരീ മദ്ഹബ്

അബൂ അബ്ദില്ലാ സുഫ്യാനു ബിൻ സഈദ് അൽഥൗരീ (മ ഹി. 161) യാണ് ഈ മദ്ഹബിന്റെ ഉപജ്ഞാതാവ്. ഹദീസിലും മറ്റു വിജ്ഞാനശാഖകളിലും അതിഗണനീയ സ്ഥാനമലങ്കരിച്ച ഒരു പണ്ഡിതനായിരുന്നു സുഫ്യാൻ(റ). അദ്ദേഹത്തിന്റെ മദ്ഹബ് കൂടുതൽ പ്രവർത്തകന്മാരെയോ അനുയായികളെയോ നേടിയില്ല. അതിനാൽ അത് പ്രചരിക്കുകയുമുണ്ടായില്ല. എന്നിരുന്നാലും അദ്ദേഹത്തിന്റെ വൈജ്ഞാനിക പൈതൃകം സമുദായത്തിന് ഒരു വിലപ്പെട്ട സ്വത്താണ്. അതിന്നും അവർ ഉപയോഗപ്പെടുത്തിവരുന്നു.

## 3. ലൈഥീ മദ്ഹബ്

സ്ഥാപകൻ അബുൽ ഹാരിസ് ലൈഥ് ബിൻ സഅ്ദ് അൽ ഫഹ്മീ (മ. ഹി. 175) ആണ്. ഈജിപ്തുകാരനായ ഇമാം ലൈഥ് വളരെ ദീർഘമായ കത്തുകളിലൂടെ ഇമാം മാലികുമായി നീണ്ട വൈജ്ഞാനിക സംവാദങ്ങൾ നടത്തുകയുണ്ടായി. 'മദീനാ നിവാസികളുടെ പ്രവൃത്തി ഒരു പ്രമാണമോ' എന്നതായിരുന്നു പ്രധാന വിവാദ വിഷയം (ഇമാം മാലിക് അതൊരു പ്രമാണമായി ഗണിച്ചിരുന്നുവെന്ന് മുമ്പ് പ്രസ്താവിച്ചുവല്ലോ). ഈജിപ്തുകാരുടെ വിശ്വാസാദരങ്ങൾ നേടിയെടുത്തിരുന്ന ലൈഥിനെയും മദീനക്കാരുടെ കണ്ണിലുണ്ണിയായിരുന്ന മാലികിനെയും നാമൊരു താരതമ്യ പഠനത്തിനെടുത്താൽ ഇമാം ശാഫിഈ(റ)യുടെ പ്രസ്താവത്തിലായിരിക്കും എത്തിച്ചേരുക: 'ലൈഥ്ബിൻ സഅ്ദ്, മാലിക് ബിൻ അനസിനേക്കാൾ വലിയ ഫിഖ്ഹ് പണ്ഡിതനാണ്. ഇമാം മാലികിന്റെ ഫിഖ്ഹ് സംബന്ധമായ പല പ്രശ്നങ്ങളുടെയും മറുപടി ഈജിപ്തിന്റെ ഫഖീഹായ തന്റെ സമകാലീനനോട് കടപ്പെട്ടിരിക്കുന്നു.'

ലൈഥിന്റെ മദ്ഹബും, സഹായികളും പ്രവർത്തകന്മാരുമില്ലാത്തതിനാൽ നീണ്ടുനിന്നില്ല.

## 4. ളാഹിരീ മദ്ഹബ്

അബൂ സുലൈമാൻ ദാവൂദ് ബിൻ അലി അൽ ഇസ്ഫഹാനീ (ഹി. 202 –270)യാണ് സ്ഥാപകൻ. 'ശരീഅത്ത് പ്രമാണങ്ങളുടെ ബാഹ്യാശയമനുസരിച്ചാണ് നിയമങ്ങൾ' എന്ന വാദക്കാരുടെ നേതാവും മാർഗദർശിയുമായിരുന്നു ഇമാം ദാവൂദ് (റ). ഈ വാദത്തിന്മേൽ അധിഷ്ഠാപിതമായതിനാൽ അദ്ദേഹത്തിന്റെ മദ്ഹബിന് ളാഹിരീ എന്ന പേര് സിദ്ധിച്ചു (ബാഹ്യാശയ പ്രധാനം. ളാഹിർ= ബാഹ്യം; പ്രത്യക്ഷം). ഇമാം ദാവൂദ് ഏതാനും ഗ്രന്ഥങ്ങളുടെ കർത്താവാണ്. അക്കൂട്ടത്തിൽ *ഇബ്ത്വാലുൽ ഖിയാസ്*, *ഇബ്ത്വാലുത്തഖ്ലീദ്* എന്നീ ഗ്രന്ഥങ്ങൾ അത്യന്തം പ്രസ്താവയോഗ്യമത്രെ. ഇമാം ദാവൂദിന്റെ മകൻ മുഹമ്മദ് ബിൻ ദാവൂദ് പിതാവിന്റെ മദ്ഹബിനെ വ്യാഖ്യാനിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തവരിൽ ഒരാളായിരുന്നു. എന്നാൽ ഹി. 5–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇമാം അലിബിൻ സഈദ് ബിൻ ഹസം (ഹി. 384–456) ആയിരുന്നു ളാഹിരീ മദ്ഹബിനെ ഊടും പാവും നൽകി വ്യാഖ്യാനിക്കുകയും പ്രചാരത്തിൽ വരുത്തുകയും ചെയ്തത്. ഇമാം ഇബ്നു ഹസം (റ) പല അമൂല്യ ഗ്രന്ഥങ്ങളുടെയും രചയിതാവാണ്. മുസ്ലിംലോകം വളരെ പ്രധാന്യപൂർവം കൈകാര്യം ചെയ്തുവരുന്ന ആ ഗ്രന്ഥങ്ങളിൽ *അൽ മുഹല്ലാ*, *അൽ ഇഹ്കാം ഫീ ഉസൂലിൽ അഹ്കാം* എന്നിവ സവിശേഷ കൃതികളത്രെ.

ളാഹിരീ മദ്ഹബിന്റെ സിദ്ധാന്തം ചുരുക്കത്തിൽ ഇതാണ്: ഖുർആനും സുന്നത്തും അവയുടെ ബാഹ്യാർഥമനുസരിച്ചാണ് പ്രാവർത്തികമാക്കേണ്ടത്. ഏതെങ്കിലും സ്ഥലത്ത് ബാഹ്യാർഥമല്ല ഉദ്ദേശ്യമെങ്കിൽ അതിന് പ്രത്യേകം തെളിവ് വേണം. അതും ഖുർആനിലോ സുന്നത്തിലോ വന്നതായിരിക്കണം താനും. ഇങ്ങനെ ഖുർആനിലും സുന്നത്തിലും പ്രത്യക്ഷ തെളിവുകൾ ലഭ്യമാവുന്നില്ലെങ്കിൽ മാത്രം ഇജ്മാഅ് സ്വീകരിക്കാം. അത് തന്നെയും സമുദായത്തിലെ അർഹരായ എല്ലാ പണ്ഡിതന്മാരാലും രൂപംകൊണ്ട ഇജ്മാഅ് ആയിരിക്കണം. മറ്റു മദ്ഹബുകളുടെ വക്താക്കൾ സ്വീകരിച്ചിരുന്ന ഇതര തെളിവുകളൊന്നും ദാവൂദ് അംഗീകരിക്കുന്നില്ല. നിരുപാധികമായ ഇജ്മാഅ്, ഖിയാസ്, ഇസ്തിഹ്സാൻ, മസാലിഹ് മുർസല ആദിയായവ എല്ലാം അദ്ദേഹം നിരസിച്ചിരിക്കുന്നു. ഖുർആനും സുന്നത്തും നിലവിലിരിക്കെ ഇവയൊന്നും തെളിവാകാൻ കെൽപുറ്റതല്ല എന്നാണ് അദ്ദേഹത്തിന്റെ ശക്തിയായ വാദം.

ഇമാം ദാവൂദ് പ്രഗത്ഭ ഹദീസ് പണ്ഡിതനും നിയമജ്ഞനും ചിന്തകനുമായിരുന്നു. ആദിയിൽ അദ്ദേഹം ശാഫിഈ മദ്ഹബുകാരനായിരുന്നു. അന്ന് അദ്ദേഹത്തിന്റെ കരങ്ങളിലായിരുന്നു ബഗ്ദാദിലെ വൈജ്ഞാനിക നേതൃത്വം. എങ്കിലും അദ്ദേഹത്തിന്റെ മദ്ഹബിന് ദീർഘായുസ്സ് വിധിക്കപ്പെട്ടില്ല. ഹി. അഞ്ചാം നൂറ്റാണ്ടിലാരംഭിച്ച അതിന്റെ അസ്തമയം എട്ടാം നൂറ്റാണ്ടോടുകൂടി പൂർത്തിയായി.

## 5. ത്വബരീ മദ്ഹബ്

ത്വബരീ മദ്ഹബിനെക്കുറിച്ചാണിനി രണ്ടു വാക്ക് രേഖപ്പെടുത്തുന്നത്. അബൂ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ അൽ ത്വബ്രീ (ഹി. 224–310)യാണ് ത്വബരീ മദ്ഹബിന്റെ സ്ഥാപകൻ. ഇബ്നുന്നദീമിന്റെ ഭാഷയിൽ ഇമാം ത്വബരീ തന്റെ കാലഘട്ടത്തിന്റെ പണ്ഡിതനും ഇമാമും നിയമജ്ഞനുമെല്ലാമാണ്. ഹദീസ്, ചരിത്രം, ഖുർആൻ വ്യാഖ്യാനം എന്നീ വിജ്ഞാനശാഖകളിൽ അദ്ദേഹത്തിനുണ്ടായിരുന്നത് അചുംബിത സ്ഥാനമായിരുന്നു. ഹനഫീ, മാലികീ, ശാഫിഈ എന്നീ മദ്ഹബുകളുടെ ഫിഖ്ഹ് അദ്ദേഹം സവിസ്തരം പഠിച്ചു. പക്ഷേ അവയിലൊന്നിനെയും അനുകരിച്ചില്ല. പ്രത്യുത, തന്റേതായ ഒരു ചിന്താസരണി വെട്ടിത്തെളിയിക്കുകയാണ് ചെയ്തത്. ഇമാം ത്വബരീ അമൂല്യങ്ങളായ ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്. *ജാമിഉൽ ബയാൻ ഫീ തഫ്സീരിൽ ഖുർആൻ*, *താരീഖുൽ ഉമമി വൽ മുലൂക്* എന്നിവ അക്കൂട്ടത്തിൽ ശാശ്വത മൂല്യങ്ങളുള്ള രണ്ട് കൃതികളാണ്. എമ്പാടും ശിഷ്യഗണങ്ങളും അനുയായി വൃന്ദങ്ങളുമുണ്ടായിരുന്ന ഇമാം ത്വബരിയുടെ

മദ്ഹബും കാലക്രമത്തിൽ കഥാവശേഷമായി. എങ്കിലും അദ്ദേഹത്തിന്റെ വിദ്യാധനം എന്നും നിലനിൽക്കുന്നു. എല്ലാ തലമുറകൾക്കും പ്രയോജനപ്പെടുകയും ചെയ്യുന്നു.

അങ്ങനെ ഹി. 4-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെ ഇസ്‌ലാമിക ശരീഅത്ത്, ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ ചെന്നെത്തി വെന്നിക്കൊടി നാട്ടുകയും ധാരാളം ഫിഖ്ഹീ മദ്ഹബുകൾക്ക് ജന്മം നൽകുകയും ചെയ്തു. അവയെല്ലാം ഇന്നും ലോകത്തിന് വിലയേറിയ സേവനങ്ങൾ അർപ്പിച്ചുകൊണ്ടിരിക്കുന്നു. അവയുടെ ഈ ആധിക്യം ചിന്താപരവും വൈജ്ഞാനികവുമായ രംഗങ്ങളിൽ മുസ്‌ലിംകൾക്കുണ്ടായിരുന്ന ഗതകാല ചൈതന്യവും പുരോഗതിയുമാണ് വിളിച്ചോതുന്നത്. വിശുദ്ധ ഖുർആനെയും തിരുസുന്നത്തിനെയും മാത്രം തങ്ങളുടെ സാക്ഷാൽ മാർഗങ്ങളായി തൃപ്തിപ്പെടുകയും ജീവിതമായി അംഗീകരിക്കുകയും ചെയ്തിരുന്ന ആ മഹാത്മാക്കളെ മാനസികാടിമത്തമോ ബുദ്ധിപരമായ മരവിപ്പോ ഒരിക്കലും ബാധിച്ചില്ല. കാരണം അവർ വാരിപ്പുണർന്ന ആ ദിവ്യ വെളിച്ചം അത്രക്കും പ്രഭാപൂരിതവും പുരോഗമനപരവുമായിരുന്നു.

ഇതുവരെ വിശകലനം ചെയ്ത വസ്തുതകളിൽനിന്ന് മദ്ഹബുകളുടെ യഥാർഥ സ്ഥാനം ഏറക്കുറെ മനസ്സിലാക്കി. ശരീഅത്തിന്റെ മൗലിക പ്രധാനമായ ഒരു പ്രശ്നത്തിലും മുൻഗാമികളോ പിൻഗാമികളോ ആയ മുസ്‌ലിംപണ്ഡിതന്മാർക്കും നിയമജ്ഞർക്കുമിടയിൽ പറയത്തക്ക അഭിപ്രായാന്തരങ്ങളില്ല. അവർക്കിടയിൽ ആകയാലുള്ളത് ശരീഅത്തിന്റെ ശാഖാപരമായ ഏതാനും പ്രശ്നങ്ങളുടെ നിയമപരമായ വിശദാംശങ്ങളെക്കുറിച്ച് അൽപസ്വൽപം അഭിപ്രായ ഭിന്നതകളാണ്. അതാവട്ടെ, അത്തരം പ്രശ്നങ്ങളെക്കുറിച്ച് ഖണ്ഡിതമായ തെളിവുകൾ കാണാതിരുന്നപ്പോൾ ദീനിന്റെ അടിസ്ഥാന പ്രമാണങ്ങളുടെ വെളിച്ചത്തിൽ തങ്ങൾക്ക് യുക്തവും അവലംബാർഹവുമെന്ന് തോന്നിയ തെളിവുകളെ ആധാരമാക്കി വ്യാഖ്യാനിച്ചപ്പോൾ സംഭവിച്ചതായിരുന്നുതാനും.

അതിനാൽ മദ്ഹബുകൾ പണ്ഡിതാഭിപ്രായങ്ങളുടെ കുറെ സമാഹാരങ്ങളാണ്. അഭിപ്രായങ്ങൾക്ക് ഒരിക്കലും മൗലികതയോ പ്രാമാണികതയോ ഇല്ല. അവ ചോദ്യം ചെയ്യാതെ അനുസരിക്കപ്പെടേണ്ടവയുമല്ല. യഥാർഥത്തിൽ ഇതാണ് മദ്ഹബുകളുടെ സ്ഥാനം. അവ മതങ്ങളല്ല. മതകീയ പ്രസ്ഥാനങ്ങളല്ല. സംഘടനകളുമല്ല. വ്യക്തികളുടെ അഭിപ്രായങ്ങൾ മാത്രം. ■